# ദി ഡിഫെൻഡർ

Vol. No. 11 Issue No. 5 RNI Reg. No. 68089 / 97 Published From Perumbavoor 2008 March 1 Price: Rs.100/- P.A.

## ജോ കുര്യനും എം.എസ്.സാമുവലും മറുപടി പറയണം



ജോ കുര്യൻ



എം.എസ്.സാമുവൽ

സി.പിമോനായിയുടെ പത്രമായ സുഭാഷിതത്തിന്റെ മാനേജിംഗ് എഡിറ്ററാണ് എം.എസ്.സാമുവൽ. ഈ പത്രത്തിന്റെ അസ്സോഷ്യേയേറ്റ് എഡിറ്ററാണ് ജോകുര്യൻ. അതുകൊണ്ട് സുഭാഷിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് മറുപടി പറയാൻ ഇവർക്ക് ബാദ്ധ്യതയുണ്ട്.

1. കേവലം 2500 കോപ്പികൾ മാത്രമുള്ള പത്രത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്ന് പ്രചരിപ്പിച്ചതും കള്ളി വെളിച്ചത്തായപ്പോൾ വായനക്കാരുടെ എണ്ണം ഒരുലക്ഷമായി കുറച്ചതും നിങ്ങളുടെ അറിവോടെയാണോ?

2. അവാർഡ് ദാനത്തിന്റെ പേരിൽ സുഭാഷിതം നടത്തുന്ന തട്ടിപ്പുകൾ നിങ്ങളുടെ അറിവോടെയാണോ നടക്കുന്നത്?

3. റ്റി.എസ്.ബാലനെതിരെ സുഭാഷിതം നടത്തിവരുന്ന കള്ളപ്രചരണം നിങ്ങളുടെ പിൻതുണയോടെയാണോ നടക്കുന്നത്?

ഈ ചോദ്യങ്ങൾക്ക് മാർച്ച് 20ന് അകമായി മറുപടി നൽകണം. മറുപടി ലഭിക്കുന്നില്ലെങ്കിൽ ഡിഫെൻഡർ ഉചിതമായ രീതിയിൽ പ്രതികരിക്കും.

(ഗുരുതരമായ പാപത്തിൽ ജീവിക്കുന്നവർ, തട്ടിപ്പും വെട്ടിപ്പും തൊഴിലാക്കിയവർ, ദുരുപദേശക്കാർ തുടങ്ങിയവരൊക്കെയാണ് സാധാരണയായി ഡിഫെൻഡറിനെതിരെ സംസാരിക്കുന്നത്. എം.എസ്.സാമുവൽ, ജോ കുര്യൻ എന്നിവർക്കെതിരെ നാളിതുവരെ ഡിഫെൻഡർ എഴുതിയിട്ടില്ല. എന്നിട്ടും ഇവർ നേതൃത്വം നൽകുന്ന പത്രം റ്റി.എസ്.ബാലനെതിരെ അപവാദപ്രചരണം നടത്തുന്നു. ഇവർ എന്തുകൊണ്ട് ബാലനെതിരെ പോരാടുന്നു? അതു പിന്നാലെ പറയാം).

# റ്റി.എസ്.ഏബ്രഹാമിനേയും കെ.എം.ജോസഫിനേയും അറസ്റ്റ് ചെയ്യാൻ കോടതി ഉത്തരവിട്ടു

ഐ.പി.സിയുടെ ജനറൽ മിനിസ്റ്റർ എന്ന പേരിൽ അറിയപ്പെടുന്ന ടി.എസ്.ഏബ്രഹാം, ഐ.പി.സി. കേരള സ്റ്റേറ്റ് പ്രസിഡന്റായ കെ.എം.ജോസഫ് എന്നിവർക്കെതിരെ തൃശൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി (മൂന്ന്) അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചു. ഐ.പി.സിയുടെ ആല്പാറ സഭയിലെ അംഗമായ കെ.എം.ദാനിയേൽ നൽകിയ മാനനഷ്ടക്കേസ്സിലെ പ്രതികളായ ഇവർ കോടതിയിൽ ഹാജരാകാതെ ഒളിച്ചു നടക്കുന്നതിനാൽ ഇവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കാനാണ് കോടതി ഉത്തരവിട്ടിരിക്കുന്നത്. ടി.എസ്.ഏബ്രഹാമിന് ജാമ്യം ലഭിക്കാവുന്ന വാറന്റും കെ.എം.ജോസഫിന് ജാമ്യമില്ലാത്ത വാറന്റുമാണ് കോടതി ഉത്തരവിട്ടിരിക്കുന്നത്.

31-8-2005ന് ടി.എസ്.ഏബ്രഹാമും കെ.എം.ജോസഫും ചേർന്ന് പുറത്തിറക്കിയ ഒരു കത്താണ് കേസ്സിന് ആധാരം. 2005 ജൂൺ 6ന് ജനറൽ കൗൺസിലിന്റെ ഒരു മീറ്റിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾ കെ.പി.കുര്യൻ അനധികൃതമായി പ്രവേശിച്ച് യോഗം അലങ്കോലമാക്കിയെന്നും തൃശൂരിൽ നിന്ന് കെ.എം.ദാനിയേൽ ഉൾപ്പെടെയുള്ള ചിലർ കുര്യനോടൊപ്പമുണ്ടായിരുന്നെന്നും ആ കത്തിൽ ആരോപിക്കുന്നു. എന്നാൽ ദാനിയേൽ അന്നേദിവസം കുമ്പനാട്ട് പോകുകപോലും ചെയ്തിട്ടില്ലെന്നും താൻ ജോലി ചെയ്യുന്ന ഓഫീസിൽ ഹാജരായിരുന്നെന്നും ദാനിയേൽ വാദിക്കുന്നു. തന്നെ അപമാനിക്കാനായി മന:പൂർവ്വം കെട്ടിച്ചമച്ച കഥയാണിതെന്നും ദാനിയേൽ കൂട്ടിച്ചേർക്കുന്നു.





ഐ.പി.സി ജനറൽ കൗൺസിൽ ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിലിനു നൽകിയ ഈ കത്തിന്റെ കോപ്പി 2005 സെപ്റ്റംബർ 16ന് ഇറങ്ങിയ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുകൊണ്ട് ഡിഫെൻഡറിനും ദാനിയേൽ നോട്ടീസ് അയച്ചിരുന്നു. ഐ.പി.സി ജനറൽ കൗൺസിൽ ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിലിനു നൽകിയ കത്തിന്റെ കോപ്പി പ്രസിദ്ധീകരിക്ക മാത്രമേ ഡിഫെൻഡർ ചെയ്തുള്ളൂ എന്നും പരാതിക്കാരനായ ദാനിയേലുമായി ഒരു മുൻപരിചയവുമില്ലാത്ത ഡിഫെൻഡർ അദ്ദേഹത്തെ അപമാനിക്കാൻ ഉദ്ദേശിക്കപോലും ചെയ്തിരുന്നില്ലെന്നും മറുപടി നൽകി. ഡിഫെൻഡർ നൽകിയ ഈ മറുപടി തൃപ്തികരമായി തോന്നിയതുകൊണ്ടോ എന്തോ കേസ്സിൽ ഡിഫെൻഡറിനെ പ്രതി ചേർത്തില്ല. കത്തിൽ ഒപ്പിട്ട ടി.എസ്.ഏബ്രഹാം, കെ.എം.ജോസഫ് എന്നിവർ മാത്രമാണ് പ്രതിപ്പട്ടികയിലുള്ളത്. ഈ കേസ്സിൽ പ്രാരംഭവാദം കേട്ട കോടതി പ്രതികൾക്ക് സമൻസയക്കാൻ ഉത്തരവിട്ടു.

പക്ഷേ ടി.എസ്.ഏബ്രഹാമും കെ.എം.ജോസഫും കോടതിയുടെ സമൻസിന് വിലകല്പിച്ചില്ല. പല അവധികൾ കഴിഞ്ഞിട്ടും ഇവർ കോടതിയിൽ ഹാജരായതുമില്ല. അതുകൊണ്ടാണ് പ്രതികളെ അറസ്റ്റ് ചെയ്ത് ഹാജരാക്കാൻ കോടതി വാറന്റ് പുറപ്പെടുവിച്ചത്.

സഭാനേതാക്കൻമാരായ തങ്ങൾ എല്ലാ നിയമത്തിനും അതീതരാണെന്നും കോടതിയുടെ സമൻസ് അനുസരിക്കാനുള്ള ബാദ്ധ്യത തങ്ങൾക്കില്ലെന്നുമാണ് ടി.എസ്.ഏബ്രഹാം, കെ.എം.ജോസഫ് എന്നിവരുടെ നിലപാട്. കോടതി വാറന്റ് അയച്ചത് ഐ.പി.സി മാന്യതയായി കാണുന്നു എന്ന് മറ്റൊരു നേതാവ് പറയുകയുണ്ടായി. (അസ്ഥാനത്ത് ആലു കിളിർത്താൽ അതും ഇവർക്കു മാന്യതയായി തോന്നുമെന്നു തീർച്ച).

കോടതിയുത്തരവിന് പുല്ലുവിലപോലും കല്പിക്കാതെ പ്രശ്നം അറസ്റ്റ് വാറന്റിൽ എത്തിച്ച ഈ നേതാക്കൻമാർ ഐ.പി.സിക്കു മാത്രമല്ല എല്ലാ പെന്തക്കോസ്തുകാർക്കും അപമാനമാണ്. എങ്കിലും ഇവർക്കെതിരെ നടപടിയെടുക്കണമെന്ന് ഡിഫെൻഡർ ആവശ്യപ്പെടുന്നില്ല. കാരണം, ഐ.പി.സിക്ക് ഇതൊന്നും നാണക്കേടായി തോന്നുകയില്ല, അതുകൊണ്ട് നടപടിയും ഉണ്ടാകില്ല. ഐ.പി.സി എന്ന പ്രസ്ഥാനം അത്രക്ക് അധ:പതിച്ചു കഴിഞ്ഞു.

### കേസ്സിന് ആസ്പദമായ കത്തിന്റെ പ്രസക്ത ഭാഗം


Br. K.M. Thomas, Bro. P.V. George, Bro. K.M. Daniel, Bro. V.V. Thomas

# സാമച്ചനും സംഘവും പ്രവചിക്കാൻ പഠിപ്പിക്കുന്നു

ഏതെങ്കിലും സ്ക്കൂളിൽചെന്നു പഠിച്ച് പറയാനുള്ളതാണോ പ്രവചനം. ആണെന്ന് ദൈവവചനത്തിന്റെ ആദ്യാക്ഷരങ്ങളെങ്കിലും അറിയാവുന്നവർ പറയുകയില്ല. ബൈബിൾ പറയുന്നു: ''പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ''. ദൈവവചനത്തേക്കുറിച്ചാണ് ഇങ്ങനെ പറയുന്നതെങ്കിലും എല്ലാവിധ പ്രവചനങ്ങൾക്കും ഇതു ബാധകമാണ്. പക്ഷേ സാമച്ചനും സംഘവും ഇതാ പ്രവചനം പഠിപ്പിക്കാൻ സ്ക്കൂൾ തുടങ്ങുന്നു.

മാർച്ച് 16 മുതൽ ഏപ്രിൽ ഒന്നുവരെ തിരുവല്ലയിലാണ് സംഭവം നടക്കുന്നത്. ഇതിനേക്കുറിച്ച് പെന്തക്കോസ്ത് പത്രങ്ങളിൽ വന്നപരസ്യത്തിൽ ഇപ്രകാരം പറയുന്നു: ''ഡിവൈൻ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ പ്രവാചക സ്ക്കൂൾ. ഭാരതസഭയ്ക്ക് ആവശ്യമായ പ്രവാചകശബ്ദം ഇതാ തിരുവല്ലയിൽ നിന്ന് പുറത്തുവരുന്നു. ക്ലാസ്സുകൾ നയിക്കുന്നത്: സാമച്ചൻ, എം.എ.വർഗീസ്, ജോൺ ജോസഫ് ബീഹാർ, തോമസ് ഏബ്രഹാം കോട്ടയം, ഈപ്പൻ ചെറിയാൻ, എബി അയിരൂർ, അനി ജോർജ് ഇടുക്കി, ബിജി അഞ്ചൽ, ജോൺ ലോറൻസ്, ജോബി വർഗീസ്. ഫീസ് 1000 രൂപ.''

സംഗതി ഭേഷായിരിക്കുന്നു എന്നല്ലാതെ എന്തു പറയാൻ. വിവിധ കൃപാവരങ്ങളിൽ ഒന്നായ പ്രവചനം ദൈവാത്മാവ് നൽകുന്നതാണെന്നും പ്രവചിക്കാൻ വിശേഷിച്ച് അറിവൊന്നും വേണ്ടെന്നും മറ്റുമാണ് ദൈവവചനത്തിൽ നിന്നും മനസ്സിലാക്കുന്നത്. പക്ഷേ രണ്ടാഴ്ച നീളുന്ന ക്ലാസ്സിൽ പങ്കെടുത്തു പഠിക്കാനുള്ള വഹ പ്രവചനത്തിലുണ്ടെന്നും ഇങ്ങനെ പഠിച്ച് പ്രവചിക്കാൻ കഴിയുമെന്നും ഇപ്പോഴാണറിയുന്നത്. ഈ സ്ക്കൂളിൽ അന്യഭാഷ പറയാനും പഠിപ്പിക്കുന്നുണ്ടോ എന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

School of Prophets എന്ന് ഇംഗ്ലീഷിൽക്കൂടി കൊടുത്തിട്ടുള്ളതുകൊണ്ട് ശമുവേലും ഏലിയാവും എലീശയും മറ്റും പ്രവചിക്കാൻ പഠിപ്പിക്കുന്ന സ്ക്കൂൾ നടത്തിയിരുന്നു എന്നാണ് ഈ വിഡ്ഢികൾ മനസ്സിലാക്കിവച്ചിരിക്കുന്നതെന്നു തോന്നുന്നു. എറണാകുളത്ത് ഒരു വിവരദോഷി ഹീലിംഗ് സ്ക്കൂൾ നടത്തുന്നുണ്ട്. സാമച്ചൻ പ്രവാചക സ്ക്കൂൾ തുടങ്ങുന്നു. ബാക്കിയുള്ള കൃപാവരങ്ങൾക്കുകൂടി സ്ക്കൂൾ തുടങ്ങിയാൽ പെന്തക്കോസ്ത് ശരിക്കും വളരും.

# സി.ഡി സൗജന്യ നിരക്കിൽ

വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട സുപ്രധാന ഉപദേശ വിഷയങ്ങളായ വീണ്ടുംജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, തിരുവത്താഴം, പ്രാർത്ഥന, കൂട്ടായ്മ, വിശ്വാസജീവിതം എന്നിവ അടങ്ങുന്നതും 10 മണിക്കൂർ ദൈർഘ്യമുള്ളതുമായ എം.പി.3 സി.ഡി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നു. (വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ എന്ന സി.ഡി പരമ്പരയിലെ ആദ്യ സി.ഡിയാണിത്. 100 രൂപ വിലയുള്ള ഈ സി.ഡി ഇപ്പോൾ താഴെ പറയുന്ന നിരക്കിൽ ലഭിക്കുന്നതാണ്. (പോസ്റ്റേജ് സൗജന്യം).

ഒരു സി.ഡി - 50 രൂപ. മൂന്നു കോപ്പികൾക്ക് 100 രൂപ മാത്രം. 250 രൂപക്ക് 10 കോപ്പികൾ ലഭിക്കുന്നു. 1000 രൂപക്ക് 50 കോപ്പികൾ.

രക്ഷിക്കപ്പെടാത്തവർ, ആത്മീയ ശിശുക്കൾ തുടങ്ങിയവർക്ക് വിതരണം ചെയ്യാനാണ് ഈ സി.ഡി ഇപ്രകാരം വിലകുറച്ചു കൊടുക്കുന്നത്. (വീട്ടിൽ ഒരു ബൈബിൾ സ്കൂൾ, പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ എന്നീ പരമ്പരയിലെ മറ്റു സി.ഡികൾക്ക് ഈ സൗജന്യം ലഭ്യമല്ല). സി.ഡി ആവശ്യമുള്ളവർ റ്റി.എസ്.ബാലന്റെ വിലാസത്തിൽ പണം അയക്കുക. നിങ്ങളുടെ വിലാസവും ഫോൺ നമ്പറും എഴുതാൻ പ്രത്യേകം ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 94474 14608

ദി ഡിഫെൻഡർ
Vol. No.11 Issue No. 5 2008 March 1

# പ്രവചിക്കാൻ പഠിപ്പിക്കാമെന്നോ?

ആർക്കും എന്തും ചെയ്യാം എന്ന സ്ഥിതിയാണ് ഇന്നു പെന്തക്കോസ്തിലുള്ളത്. പെന്തക്കോസ്ത് എന്ന ലേബലൊട്ടിച്ചാൽ എന്തും വിശുദ്ധമാകും. എതിർക്കാൻ ആളുണ്ടാകില്ല.

എറണാകുളത്ത് ഒരു ഹീലിംഗ് സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ തിരുവല്ലയിൽ പ്രവചന സ്ക്കൂളും തുടങ്ങിയിരിക്കുന്നു. അന്യഭാഷയിൽ സംസാരിക്കാനും പാടാനും പഠിപ്പിക്കുന്ന സ്ക്കൂൾ ഉടനെ ഉണ്ടായേക്കാം. അന്യഭാഷാവ്യാഖ്യാനം, വീര്യപ്രവൃത്തികൾ തുടങ്ങിയവ പഠിപ്പിക്കാനും സ്ക്കൂൾ ഉണ്ടാകും. ആരും എതിർക്കുകയില്ല.

പട്ടത്വ സഭകളിൽ പുരോഹിതനാകുന്ന വ്യക്തിക്ക് ചില മിനിമം യോഗ്യതകളൊക്കെവേണം. പക്ഷേ പെന്തക്കോസ്ത് പാസ്റ്ററാകാൻ ഒരു യോഗ്യതയും വേണ്ട. ദൈവവചനം പോലും അറിഞ്ഞിരിക്കണമെന്നുമില്ല. എന്തു വിവരക്കേടും വിളിച്ചുപറയാനുള്ള ധൈര്യം മാത്രം മതിയാകും. ഇതിന്റെ ഫലമാണ് നാം ഇപ്പോൾ അനുഭവിക്കുന്നത്.

സ്ക്കൂൾ ഓഫ് പ്രൊഫറ്റ്സ് എന്ന് ഇംഗ്ലീഷിൽ പറയുന്നതു കേട്ടപ്പോൾ ശമുവേലും ഏലിയാവും എലീശയും മറ്റും തങ്ങളോടൊപ്പമുള്ളവരെ പ്രവചിക്കാൻ പഠിപ്പിക്കുന്ന സ്ക്കൂൾ നടത്തിയിരുന്നു എന്നു വ്യാഖ്യാനിക്കുന്നവരോടു സഹതപിക്കയേ നിവൃത്തിയുള്ളൂ. സ്ക്കൂൾ എന്ന ഇംഗ്ലീഷ് വാക്കിന് പള്ളിക്കൂടം എന്നു മാത്രമേ അർത്ഥമുള്ളൂ എന്ന് പത്താം ക്ലാസ്സും ഗുസ്തിയും മാത്രം കൈമുതലായുള്ളവർക്കു തോന്നാം. പക്ഷേ ദൈവവചനവും ഇംഗ്ലീഷും മറ്റും അറിയാവുന്ന ചിലരെങ്കിലും പെന്തക്കോസ്തിൽ ഉണ്ടല്ലോ. അവർ എന്തുകൊണ്ട് ഈ തിൻമകൾക്കെതിരെ പ്രതികരിക്കുന്നില്ല എന്നു മനസ്സിലാകുന്നില്ല.

തിരുവല്ലയിലെ പ്രവാചക സ്ക്കൂളിൽ നിന്ന് പ്രവചനം പഠിച്ചിറങ്ങുന്നവർ പെന്തക്കോസ്ത് കുട്ടിച്ചോറാക്കുമെന്നു തീർച്ച. ജനത്തെ നേർവഴിക്കു നടത്തേണ്ട നേതാക്കൻമാർ തങ്ങളുടെ കസേര സംരക്ഷിക്കാനുള്ള തത്രപ്പാടിലാണ്. ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരേ പ്രതികരിക്കാനോ ദുഷ്പ്രവണതകൾക്കെതിരെ ശബ്ദമുയർത്താനോ അവർക്ക് നേരമില്ല, താല്പര്യവുമില്ല. ഹീലിംഗ് സ്ക്കൂളും പ്രവാചക സ്ക്കൂളും മറ്റും നടത്തുന്നവരുടെ പരസ്യം കിട്ടുന്നതോടെ പെന്തക്കോസ്ത് പത്രങ്ങളും വായടയ്ക്കും. എതിർക്കാൻ ആളില്ലാതാകുന്നതോടെ സാത്താന്റെ ദാസൻമാർക്ക് ദൈവജനത്തെ വഴിതെറ്റിക്കാൻ ഏറെയൊന്നും ബുദ്ധിമുട്ടേണ്ടതായിവരുന്നില്ല.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

എങ്ങനെ ജനങ്ങളെ സേവിക്കുമെന്നറിയാതെ വിഷമിച്ചിരുന്ന സമയത്താണ് യു.ഡി.എഫിന് ഒരു ഹർത്താൽ നടത്തിക്കളയാം എന്നു തോന്നിയത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം മൂലം പൊതുജനം പൊറുതിമുട്ടിയിരിക്കയാണല്ലോ. ഒരു ഹർത്താൽ നടത്തിയാൽ ജനങ്ങൾക്ക് വളരെ ആശ്വാസം തോന്നും. അങ്ങനെ ജനനൻമയെ കരുതി യു.ഡി.എഫ് ഹർത്താൽ നടത്തി.

ഗാന്ധിയൻ സമരമുറകളിൽ അടിയുറച്ചു വിശ്വസിക്കുന്ന യു.ഡി.എഫ് തികച്ചും സമാധാനപരമായാണ് ഹർത്താൽ നടത്തിയതെന്ന് വിശേഷിച്ചു പറയേണ്ടതില്ല. അവർ വളരെ മര്യാദയോടെ കടകൾ അടപ്പിച്ചു. മാന്യമായി ചീത്തവിളിച്ചു. വാഹനങ്ങളുടെ കാറ്റഴിച്ചുവിട്ടു. ഒരു കൊലപാതകംപോലും ഉണ്ടായതുമില്ല. ഇതിൽ അധികം സമാധാനപരമായി ഹർത്താൽ നടത്തുന്നതെങ്ങനെ?

ഹർത്താലുകൊണ്ട് എന്തു പ്രയോജനമുണ്ടായി എന്ന് ഏവർക്കും അറിവുള്ളതാണല്ലോ. ഫിഡൽ കാസ്ട്രോ അധികാരമൊഴിഞ്ഞു. കൊസോവോ സ്വതന്ത്രമായി. ശ്രീശാന്തിന് കോടികളുടെ കരാർ ലഭിച്ചു. കേരളത്തിന് കോച്ച് ഫാക്ടറി കിട്ടി. അങ്ങനെ എന്തെല്ലാം നേട്ടങ്ങളാണുണ്ടായത്. ഒറ്റ ഹർത്താൽ കൊണ്ട് ഇത്രത്തോളം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെങ്കിൽ ആഴ്ചയിൽ ഒരു ഹർത്താലെങ്കിലും നടത്താൻ യു.ഡി.എഫ് തയ്യാറാകണം. കേരളത്തിൽ ഒരു പ്രതിപക്ഷമുണ്ടെന്ന് ജനത്തെ ഓർപ്പിക്കാൻ ഇതിലും നല്ല മാർഗ്ഗമില്ല. ഏതായാലും ഹർത്താൽ പൂർണ്ണ വിജയമായിരുന്നു. കാരണം, ജനം ശരിക്കു വലഞ്ഞു.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ സാംസ്ക്കാരിക നായകൻമാർക്ക് ഈ ഹർത്താൽ അത്ര പിടിച്ചില്ല. ആറ്റുനോറ്റിരുന്ന് യു.ഡി.എഫ് നടത്തിയ ഈ ഹർത്താലിനെതിരെ അവർ സംസാരിച്ചു. അക്ഷന്തവ്യമായ അപരാധമാണിത് എന്നതിനു സംശയമില്ല. അതുകൊണ്ട് പി.പി.തങ്കച്ചൻ അവർക്ക് ചുട്ട മറുപടി കൊടുത്തു. എൽ.ഡി.എഫ് ഹർത്താൽ നടത്തുമ്പോൾ ഇവരെയൊന്നും കാണാറില്ലല്ലോ. ഇതെന്തു ന്യായം? വശകനു മാത്രം ചിലയ്ക്കാൻ പാടില്ലെന്നു പറഞ്ഞതുപോലെയാണല്ലോ.

തന്നെ എല്ലാവരും പുകഴ്ത്തുന്നതിൽ ലല്ലുജിക്ക് എന്തെന്നില്ലാത്ത അഭിമാനം. അത് ഹിന്ദിയിൽ ഒരുവട്ടം പറഞ്ഞു. മതിയായില്ല എന്നു തോന്നിയിട്ട് ഇംഗ്ലീഷിൽ വീണ്ടും പറഞ്ഞു. മലയാളം അറിയാത്തതുകൊണ്ട് മലയാളത്തിൽ പറഞ്ഞില്ലെന്നു മാത്രം. ലല്ലുജിയുടെ കഴിവ് ഏവർക്കും അറിവുള്ളതാണല്ലോ. പ്രസവം കഴിഞ്ഞ് മിച്ചമുള്ള സമയം മുഴുവൻ ചപ്പാത്തി പരത്തിക്കൊണ്ടിരുന്ന മനൈവിയെ ബീഹാർ മുഖ്യമന്ത്രിയാക്കിയ ഒറ്റസംഭവം മതിയല്ലോ കണവന്റെ കഴിവിന് തെളിവായി. നഷ്ടങ്ങളുടെ കഥ മാത്രം പറയാനുണ്ടായിരുന്ന റെയിൽവേക്ക് ഇപ്പോൾ ലാഭമേയുള്ളൂ. കഴിഞ്ഞ വർഷത്തെ ലാഭം 25,000 കോടി രൂപയാണ്. അത് ഒരു ചെറിയകാര്യമല്ല. ലല്ലുജിയെ അഭിനന്ദിച്ചേ മതിയാകൂ.

ഡി.ഐ.സി വിട്ടവർ ഇപ്പോൾ തെക്കുവടക്കു നടക്കുകയാണെന്ന് പുത്രൻജി പറയുന്നത് ശരിയാണെന്നു സമ്മതിക്കാതെ വയ്യ. അവരൊക്കെ ഇപ്പോൾ കോൺഗ്രസ്സിലാണെന്ന് പറയപ്പെടുന്നു. പക്ഷേ എന്തെങ്കിലും പണിയുണ്ടോ എന്നു ചോദിച്ചാൽ ഒന്നുമില്ല. സാക്ഷാൽ ലീഡറുടെ സ്ഥിതിയും മറിച്ചല്ല. വെറുതെ ഇരിക്കുന്നു. വല്ലപ്പോഴും ഒരു പ്രസ്താവന പുറപ്പെടുവിക്കുന്നു. അത്രതന്നെ. നല്ല ചുറുചുറുക്കോടെ ഓടിനടന്ന ലീഡർക്കും അനുയായികൾക്കും ഇതിൽപ്പരം ഒരു ദു:ഖം വേറെയില്ല. നിരുപാധികമാണ് വരുന്നതെന്ന് പറഞ്ഞുപോയി. അതുകൊണ്ട് സ്ഥാനമാനങ്ങളുടെ കാര്യം ഇനി പറയാൻ വയ്യ. അതുകൊണ്ട്, തന്നോടൊപ്പം വന്ന പ്രവർത്തകർക്ക് പ്രവർത്തിക്കാൻ അവസരം നൽകണം എന്നാണ് ലീഡറുടെ ആവശ്യം. പ്രവർത്തിക്കാൻ അവസരമില്ലാതെ പ്രവർത്തിക്കുന്നതെങ്ങനെ? പ്രവർത്തിക്കാതെ കോൺഗ്രസ്സ് പ്രവർത്തകനാകുന്നതെങ്ങനെ?

പരിശുദ്ധാത്മാവ് പെന്തക്കോസ്തുകാരെ വിട്ടുപോയിരിക്കയാണെന്ന് സാക്ഷാൽ കെ.സി. ജോൺ കണ്ടെത്തിയിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ വ്യഭിചാരത്തിന്റെ ആൾരൂപമാണ്. അമ്മായിയമ്മയെ വ്യഭിചരിച്ചതുമുതൽ വേലക്കാരിയെ വ്യഭിചരിച്ചതുവരെയുള്ള നൂറു കണക്കിനു വ്യഭിചാരങ്ങളുടെ കഥയാണ് ഈ മാന്യന്റെ ജീവിതം. സ്വന്തം കൊച്ചുമക്കളുടെ പ്രായം മാത്രമുള്ള പെൺകുട്ടികളെ വരെ വ്യഭിചരിച്ച ടി.എസ്.ഏബ്രഹാമായിരുന്നു അടുത്തകാലംവരെ ഐ.പി.സിയുടെ പ്രസിഡന്റ്. സ്വന്തം മകളെ ഭാര്യയാക്കിയ സി.വി.ജോൺ ശാരോന്റെ തലപ്പത്തുണ്ട്.

പ്രകൃതിവിരുദ്ധനും കെ.എ.ഏബ്രഹാമിന്റെ അളിയനുമായ മത്തായിക്കുട്ടി പ്രവാചകനായി അരങ്ങുതകർക്കുന്നു. മറ്റുള്ളവരുടെ പാപത്തിനെതിരെ ഘോരഘോരം പ്രസംഗിക്കുന്ന കെ.എ.ഏബ്രഹാമിന് സ്വന്തം അളിയന്റെ പാപത്തിനെതിരെ ശബ്ദിക്കാൻ നാവില്ല. വ്യഭിചാരം, തട്ടിപ്പ്, കള്ളപ്രവചനം തുടങ്ങിയവയുമായി നടക്കുന്ന സാമച്ചൻ പ്രവാചക സ്ക്കൂൾ നടത്തുന്നു. ഉലകം മുഴുവൻ ഭാര്യമാരും മക്കളുമുള്ള സുരേഷ് ബാബു രോഗികളെ പേരുപറഞ്ഞു വിളിക്കുന്നു. അങ്ങനെ, സകല ദുർന്നടപ്പുകാരനും കള്ളനും പിടിച്ചുപറിക്കാരനും പെന്തക്കോസ്തിൽ അഴിഞ്ഞാടുകയാണ്. ഇവനോടൊക്കെ പണം വാങ്ങി പെന്തക്കോസ്ത് പത്രക്കാർ കൊഴുത്തു തടിക്കുന്നു. ഇതൊക്കെ കണ്ടും കേട്ടും ഇരിക്കുന്ന പരിശുദ്ധാത്മാവ് പെന്തക്കോസ്ത് ഉപേക്ഷിച്ചെങ്കിൽ അത്ഭുതമില്ല.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

**(പ്രത്യേക ശ്രദ്ധക്ക്: ട്രസ്റ്റുകൾക്കും സൊസൈറ്റികൾക്കും വിദേശത്തുനിന്നു വലിയ തുക ധനസഹായമായി ലഭിക്കുമെന്നു പറഞ്ഞ് സമീപിക്കുന്നവരെ സൂക്ഷിക്കുക. അത് തട്ടിപ്പാണ്.)**

# കെ.സി.ജോണിന്റെ കള്ളക്കളി ഇത്തവണ വെളിച്ചത്താകും



കെ.സി.ജോണിന്റെ തനിനിറം ഇത്തവണ പുറത്തുവരും. ഒരുവിധത്തിലും രക്ഷപ്പെടാനാവാത്ത ഒരു കുരുക്കാണ് കെ.സി ജോണിനുവേണ്ടി മോനായി ഒരുക്കിയിരിക്കുന്നത്.

മോനായി ഗൾഫ് പര്യടനത്തിനു പോയിരുന്നപ്പോൾ മോനായിയുടെ ഭാര്യയായ സാലിയുമായി കെ.സി.ജോൺ അന്നത്തെ റീമാ ബുക്ക് സ്റ്റാളിൽ വച്ചു വ്യഭിചരിച്ച സംഭവം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഒരു തെളിവുമില്ലാതെ എഴുതുകയല്ല ഡിഫെൻഡർ ചെയ്തത്. സംഭവം നേരിൽ കണ്ടവരോട് എല്ലാ വിശദാംശങ്ങളും ചോദിച്ചു മനസ്സിലാക്കിയശേഷമാണ് ഡിഫെൻഡർ എഴുതിയത്.

ഡിഫെൻഡർ മോനായിയേക്കുറിച്ചെഴുതിയ ചില കാര്യങ്ങൾ അപമാനകരമാണെന്ന് ആരോപിച്ചുകൊണ്ട് മോനായി നഷ്ടപരിഹാരത്തിന് കേസ്സ് കൊടുത്തിട്ടുണ്ട്. ഈ കേസ്സ് താമസിയാതെ വിചാരണയ്ക്കു വരും. മോനായിക്കും ഭാര്യക്കും മാനമുണ്ടെന്നും അതു ഡിഫെൻഡറിന്റെ എഴുത്തുമൂലം നഷ്ടമായെന്നും കോടതിയിൽ തെളിയിക്കണം. കെ.സി ജോൺ സാലിയുമായി നടത്തിയ വ്യഭിചാരത്തേക്കുറിച്ച് ഡിഫെൻഡർ എഴുതിയപ്പോൾ മോനായിയുടേയും സാലിയുടേയും മാനം പോയി. പക്ഷേ കെ.സി.ജോണിന്റെ മാനം പോയതുമില്ല. എന്താണപ്പാ അതിന്റെ ഗുട്ടൻസ്?

മോനായിക്കും സാലിക്കും മാനമുണ്ടെന്നു തെളിയിക്കണമെങ്കിൽ കെ.സി.ജോണിനെ സാക്ഷിയായി വിസ്തരിക്കാതെ പറ്റില്ല. കെ.സി.ജോൺ സാക്ഷി പറയാൻ എത്തിയാൽ സത്യം പുറത്തുവരും. സാലിയും കെ.സി ജോണുമായി വ്യഭിചരിക്കുന്നത് നേരിൽ കണ്ടവർ സാക്ഷി പറയുന്നതോടെ വെളുക്കാൻ തേച്ചത് പാണ്ടാകും. കെ.സി.ജോൺ, മോനായി, സാലി എന്നിവർ പെന്തക്കോസ്ത് വിട്ട് പുറത്തുപോകേണ്ടതായും വരും. ചുരുക്കത്തിൽ കെ.സി.ജോൺ ഇത്തവണ ശരിക്കു കുരുങ്ങുമെന്നു തീർച്ച.

# പെന്തക്കോസ്ത് പത്രപ്രവർത്തകർ വെഷപ്പിനെ സ്വീകരിച്ചു



അന്ധൻ അന്ധനെ വഴികാട്ടിയാൽ ഇരുവരും കുഴിയിൽ വീഴും. ആത്മീയ അന്ധത ബാധിച്ച പെന്തക്കോസ്ത് പത്രാധിപൻമാർ വഴികാട്ടിയാലുള്ള സ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ. കോട്ടയിലെ എം.എ.തോമസിനും മകനും പെന്തക്കോസ്ത് പത്രാധിപൻമാർ നൽകിയ സ്വീകരണത്തിന്റെ കാര്യമാണ് പറഞ്ഞുവരുന്നത്.

എം.എ.തോമസിനും മകനും ഈയിടെയായി രക്തസാക്ഷികളുടെ പരിവേഷമുണ്ട്. അഡ്വ.എം.ജി.മാത്യു എഴുതിയ ഒരു പുസ്തകത്തിന്റെ കോപ്പികൾ എം.എ.തോമസിന്റെ ബുക്ക് സ്റ്റാളിൽ വിറ്റു എന്ന കാരണം പറഞ്ഞ് എം.എ.തോമസിനേയും മകനേയും പോലീസ് വേട്ടയാടുകയുണ്ടായി. എം.എ.തോമസിനോട് ചില രാഷ്ട്രീയക്കാർക്കുള്ള വിരോധമാണ് ഈ സംഭവത്തിന്റെ പിന്നിലുള്ളത്. പക്ഷേ ഈ സംഭവത്തോടെ എം.എ.തോമസും മകനും വിശ്വാസവീരൻമാരായി.

ക്രൈസ്തവപീഡനം നടക്കുന്നേ എന്നു പറഞ്ഞു മുറവിളികൂട്ടി ഷൈൻ ചെയ്യാൻ തയ്യാറായി നിൽക്കുന്ന പെന്തക്കോസ്ത് പത്രങ്ങൾ ഈ സംഭവം ആഘോഷമാക്കി. ഏറെ താമസിയാതെ ഈ സംഭവം കെട്ടടങ്ങുകയും ചെയ്തു. ഇപ്പോഴിതാ എം.എ.തോമസും മകനും കേരളത്തിൽ എത്തിയിരിക്കുന്നു. അവരെ പെന്തക്കോസ്ത് പത്രാധിപൻമാർ സ്വീകരിച്ച് ആനയിക്കുന്നു.

ആരാണ് എം.എ.തോമസ്? കെ.പി.യോഹന്നാനേപ്പോലുള്ള ഒരു പിൻമാറ്റക്കാരൻ. ഒരുകാലത്ത് ബാപ്റ്റിസ്റ്റുകാരനായിരുന്ന ഇദ്ദേഹത്തിന് പണവും പ്രതാപവും വന്നപ്പോൾ ഈ ലോകം നൽകുന്ന മഹത്വംകൂടി വേണമെന്നു തോന്നി. അങ്ങനെ കുപ്പായവും കുരിശുമിട്ട് വെഷപ്പായി. സമുദായങ്ങളിൽ നിലനിൽക്കുന്ന പൗരോഹിത്യത്തിനും കുരിശിനും കുപ്പായത്തിനും എതിരായ നിലപാടിൽ ഉറച്ചു നിൽക്കുന്നവരാണ് പെന്തക്കോസ്തുകാർ. അങ്ങനെയുള്ള പെന്തക്കോസ്തിലെ പത്രാധിപൻമാർ കുപ്പായവും കുരിശും മറ്റുമായി എത്തിയ പിൻമാറ്റക്കാരെ രണ്ടുകൈയ്യും നീട്ടി സ്വീകരിക്കുന്നു. ഒപ്പംനിന്നു ഫോട്ടോയെടുത്ത് പത്രത്തിൽ കൊടുക്കുന്നു. ഇവനെയൊക്കെ എരുമച്ചാണകത്തിൽ മുക്കിയ കുറ്റിച്ചൂലുകൊണ്ടു തല്ലുകയാണു വേണ്ടത്.

# ബിനോയി പ്രകൃതിവിരുദ്ധൻ



ഡിഫെൻഡർ വായിച്ചു എന്ന കുറ്റം ചുമത്തി ജോയി എന്ന സഹോദരനെ സഭയിൽ നിന്നു പുറത്താക്കിയ ബിനോയി എന്ന ചുമ്മാ പാസ്റ്റർ വ്യഭിചാരിയും പ്രകൃതി വിരുദ്ധനുമാണെന്ന് അറിയാൻ കഴിഞ്ഞു. ഇന്റർനാഷണൽ ഫിലിപ്പിന്റെ പ്രശ്നവുമായി ബന്ധപ്പെട്ട് സ്വർഗ്ഗീയധ്വനിയുടെ വെബ്സൈറ്റിൽ ഒരാളെഴുതിയ കുറിപ്പുമായി ബന്ധപ്പെട്ട് ഡിഫെൻഡർ നടത്തിയ അന്വേഷണമാണ് ഈ കണ്ടെത്തലിനു വഴിവച്ചത്. ബിനോയി ബ്ലൂഫിലിം കാണുന്നവനാണെന്ന് ആ കുറിപ്പിൽ പറയുന്നു. ഡിഫെൻഡർ വായിക്കുന്നത് സഭയിൽ നിന്നു പുറത്താക്കത്തക്ക കുറ്റമായി കണക്കാക്കുന്ന മഹാവിശുദ്ധൻ ബ്ലൂഫിലീം കാണുമെന്നു വിശ്വസിക്കാൻ ഡിഫെൻഡറിനു കഴിഞ്ഞില്ല.

അതുകൊണ്ട് ബിനോയിയേക്കുറിച്ച് ഡിഫെൻഡർ ചില അന്വേഷണങ്ങളൊക്കെ നടത്തി. ചെറുപ്പംമുതൽ ഇയാൾ ദുർമാർഗ്ഗിയും പ്രകൃതിവിരുദ്ധനുമായിരുന്നു എന്നും സൗദിയിലെത്തിയിട്ടും ഈ കലാപരിപാടികൾ നിർത്തിയിട്ടില്ലെന്നും വ്യക്തമായി. ഇവൻ പാസ്റ്ററായിരിക്കുന്ന സഭയുടെ സ്ഥിതി എന്താകും?



# സണ്ണിയച്ചൻ പെന്തക്കോസ്തിൽ?

സണ്ണിയച്ചൻ പെന്തക്കോസിൽ ചേർന്നോ? പെന്തക്കോസ്ത് പത്രപ്രവർത്തകർ എം.എ.തോമസിനും മകനും നൽകിയ സ്വീകരണത്തിൽ സണ്ണിയച്ചനേയും കണ്ടതുകൊണ്ട് ചോദിച്ചെന്നേയുള്ളൂ. അച്ചൻ വീണ്ടും ജനനം പ്രാപിക്കണം, വിശ്വാസസ്നാനം സ്വീകരിക്കണം, പരിശുദ്ധാത്മസ്നാനം പ്രാപിക്കണം, ദുരുപദേശങ്ങളോടു വേർപെടണം, ദൈവവചനാനുസൃതമുള്ള ഉപദേശങ്ങൾ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്ന ഏതെങ്കിലും പ്രാദേശിക സഭയിൽ അംഗമാകുകയും വേണം. പക്ഷേ ഒരു പെന്തക്കോസ്ത് സംഘടനയിലും അംഗമാകരുത്. കാരണം, ഈ സംഘടനകളൊന്നും ദൈവീക പദ്ധതിയിലില്ല. ഇവ സാത്താന്യമാണ്.

# സൂസൻ മഹാൻമാരുടെ പിന്നാലെ

കവിതയെന്ന പേരിൽ എന്തൊക്കെയോ എഴുതി നടന്ന സൂസൻ ബി. ജോണിനെ ഈയിടെയായി മറ്റൊരു രോഗംകൂടി പിടികൂടിയിരിക്കയാണ്. ''മഹാൻ രോഗം'' എന്ന് അതിനെ വിളിക്കാം. ഉലകമെമ്പാടുമുള്ള മഹാൻമാർ പറഞ്ഞ വാചകങ്ങൾ കണ്ടുപിടിച്ച് സ്വന്തം ഫോട്ടോ സഹിതം അടിച്ചു വിടുകയാണ് പരിപാടി. അസഹനീയമായ കവിതാരോഗമുള്ള ഇവർക്ക് കൂനിൻമേൽ കുരു എന്നു പറഞ്ഞതുപോലെ ഇത്തരം ഒരു രോഗംകൂടി ബാധിച്ചതോടെ സ്ഥിതി കൂടുതൽ വഷളായിരിക്കയാണ്. കവിതയ്ക്കുള്ള അവാർഡ് എല്ലാ വർഷവും മോനായി നൽകുന്നത് ഇവർക്കാണ്. ഇനി മുതൽ മഹാൻ അവാർഡ് എന്നൊരു സാധനം കൊടുക്കാം.

# അവറാൻ വിജ്ഞാനീയം



ജനപ്രിയ പ്രസംഗകനെന്ന് ചിലരൊക്കെ വാഴ്ത്തിപ്പാടുന്ന കെ.എ.ഏബ്രഹാം എന്ന ജനപ്രിയ വിഡ്ഢിക്ക് വിവരക്കേട് എഴുന്നെള്ളിക്കാതെ പ്രസംഗിക്കാൻ പറ്റില്ല. ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാൻ അല്പസമയം മാറ്റിവച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ. പക്ഷേ ഇയാൾക്ക് അതിനു മനസ്സില്ല. എല്ലാം അറിയാമെന്ന ഭാവമുണ്ടായാൽപ്പിന്നെ പഠിക്കാൻ മനസ്സുവരില്ല.

ഉദാഹരണത്തിന്, കൈത്താളം എന്നാൽ എന്ത്? അതെന്താണെന്നറിയാൻ ഇംഗ്ലീഷോ മറ്റു മലയാള തർജ്ജമകളോ നോക്കിയാൽ മതി. സങ്കീ. 150:5 ഇംഗ്ലീഷിൽ ഇപ്രകാരമാണ്: Praise him with loud cymbals: Praise him with high sounding cymbals. മലയാളത്തിൽ ഇത് ഇപ്രകാരം തർജ്ജമ ചെയ്തിരിക്കുന്നു. ''ഉച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിക്കുവിൻ; അത്യുച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിക്കുവിൻ.''

സിംബൽസ് എന്നത് കൈത്താളം, ഇലത്താളം എന്നൊക്കെ തർജ്ജമ ചെയ്യാം. കൈ കൊട്ടുന്ന കാര്യമാണ് ഇവിടെ പറയുന്നതെന്നാണ് പമ്പരവിഡ്ഢിയായ കെ.എ.ഏബ്രഹാം ധരിച്ചിരിക്കുന്നത്. ഈ വിഷയം പറയുമ്പോൾ കൈകൊട്ടിക്കാണിച്ചുകൊണ്ടാണ് ഈ ചങ്ങാതി പ്രസംഗിക്കുന്നതും. ഇലത്താളം എന്നായിരുന്നു തർജ്ജമ ചെയ്തിരുന്നതെങ്കിൽ കാറ്റത്ത് ഇലകൾ തമ്മിൽ കൂട്ടിമുട്ടിയുണ്ടാകുന്ന ശബ്ദം എന്നു വ്യാഖ്യാനിക്കുമായിരുന്നു. മരങ്ങൾ ഇലകളാകുന്ന കരങ്ങളടിച്ച് ദൈവത്തെ സ്തുതിക്കുന്നു എന്നുപോലും പറയുമായിരുന്നു. പ്രാസമൊപ്പിച്ചു പറഞ്ഞാൽ ''വൃക്ഷലതാദികൾ അക്ഷയനായ ദൈവത്തെ പക്ഷികളോടൊപ്പം അക്ഷീണം വാഴ്ത്തുന്നു'' എന്നു പറയാം.

കാനാവിലെ കല്യാണത്തിന് കർത്താവിനോടൊപ്പം 12 ശിഷ്യൻമാരും ഉണ്ടായിരുന്നു എന്ന് കെ.എ.ഏബ്രഹാം ഈയിടെ കണ്ടുപിടിച്ചു. എങ്ങനെയാണ് ഈ ചങ്ങാതി ഈ ഭീകര രഹസ്യം കണ്ടെത്തിയതെന്ന് നിശ്ചയമില്ല. വല്ല വെളിച്ചപ്പാടും ആകാനേ വഴിയുള്ളൂ.

യിസ്രായേൽ ജനം ഫറവോന്റെ അടിമകളായിരുന്ന കാലത്ത് വലിയ കഷ്ടതയിലായിരുന്നു. (ശരിതന്നെ). എന്തൊക്കെയാണ് അവർ ഭക്ഷിച്ചത്? കൊത്തമ്പാലരിയും തേൻ ചേർത്ത ദോശപോലെ വെളുത്ത ഒരു സാധനവും. (മരുഭൂമിയിൽ മന്ന തിന്ന കാര്യമല്ല പറയുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കുക). ഇവന്റെ വേദപുസ്തകത്തിൽ മാത്രമേ ഇങ്ങനെയൊക്കെ ഉണ്ടാകൂ.

കെ.എ.ഏബ്രഹാമിനോട് എന്തോ വിരോധമുള്ളതുകൊണ്ടാണ് ഡിഫെൻഡർ ഇങ്ങനെയൊക്കെ പറയുന്നതെന്ന് കരുതുന്നവരുണ്ടാകാം. കെ.എ.ഏബ്രഹാം ഡിഫെൻഡറിന്റെ ഏറ്റവും വലിയ സ്നേഹിതനായാലും ഇങ്ങനെയൊക്കെ പറഞ്ഞാൽ എതിർക്കാതെ പറ്റില്ല.

# ദിനകരന്റെ മരണവും കുറെ പ്രശ്നങ്ങളും

ദിനകരൻ മരിച്ചു. ജനിച്ചവരെല്ലാം ഒരു ദിവസം മരിച്ചേ മതിയാകൂ. പക്ഷേ ദിനകരന്റെ മരണത്തോടുള്ള ബന്ധത്തിൽ ചില കാര്യങ്ങൾ പറയാതെവയ്യ. മരിച്ച വ്യക്തിയേക്കുറിച്ച് പറയുമ്പോൾ പാലിക്കേണ്ട മര്യാദകൾ പാലിച്ചുകൊണ്ടാണ് പറയുന്നത്.

2008ൽ നടക്കാൻ പോകുന്ന സംഭവങ്ങളേക്കുറിച്ച് ദിനകരനും മകനും പ്രവചിച്ചിരുന്നു. പക്ഷേ ദിനകരന്റെ മരണം പ്രവചിക്കാൻ ദിനകരനോ മകനോ കഴിഞ്ഞില്ല. ഇടയ്ക്കൊക്കെ സ്വർഗ്ഗത്തിൽ വിസിറ്റ് നടത്തുന്നത് പതിവാക്കിയ ദിനകരന് എന്തുകൊണ്ട് മരണത്തെ മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല.

ഏതു രോഗവും ദിനകരന്റെ പ്രാർത്ഥനയാൽ സൗഖ്യമാകും. പക്ഷേ ദിനകരന്റ കിഡ്നിക്ക് തകരാറുണ്ടായപ്പോൾ ആശുപത്രിയിൽ പോകേണ്ടതായിവന്നു. എന്നിട്ടും രോഗം സൗഖ്യമാകാതെ മരിക്കേണ്ടതായും വന്നു.

ദിനകരൻ പലർക്കും ദൈവദാസൻ മാത്രമായിരുന്നില്ല ദൈവം തന്നെ ആയിരുന്നു. അതുകൊണ്ട് മരിച്ചശേഷവും ദിനകരൻ അത്ഭുതം പ്രവർത്തിക്കുമെന്നു തീർച്ച. താൻ സ്വർഗ്ഗത്തിൽ പോയെന്നും ദിനകരനുമായി സംസാരിച്ചെന്നും പോൾ പ്രചരിപ്പിക്കും. ദിനകരനോടു പ്രാർത്ഥിച്ച് രോഗശാന്തി നേടിയവരുടെ സാക്ഷ്യവും നാം കേൾക്കും. മരിച്ചുപോയ മകളോടു പ്രാർത്ഥിച്ച് പലരും രോഗശാന്തി നേടിയ കഥ ദിനകരൻതന്നെ പറഞ്ഞിട്ടുണ്ട്.

ദിനകരഭക്തിയുടെ നൊസ്സ് തലയ്ക്കുപിടിച്ച അലക്സാണ്ടർ മാത്യൂസ് എന്നൊരാൾ ദിനകരന്റെ മരണത്തോടുള്ള ബന്ധത്തിൽ ചില ഈമെയിലുകൾ പലർക്കും അയയ്ക്കയുണ്ടായി. അതിലുള്ള ചില വാദങ്ങൾക്ക് മറുപടി പറയാതെവയ്യ.

1. Evan. Suresh Babu in his recent crusade in kerala told that Dhinakaran has been a great blessings for his ministry and say somthing "GOOD about him before he die".

വ്യഭിചാരിയും കള്ളനുമായ സുരേഷ് ബാബു ദിനകരനേക്കുറിച്ച് എന്തുതന്നെ പറഞ്ഞാലും അത് ദൈവമക്കൾക്ക് സ്വീകാര്യമല്ല.

2. Late John Osteen, Senior Pastor of largest pentecostal church in USA, always says, only two servants of GOD in India that never say bad about other servants of God and their Ministries are Dr. Dhinakaran and Dr. P.G Vargis.



ദിനകരൻ മറ്റുള്ളവരേക്കുറിച്ച് തിൻമ പറഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നത് ദിനകരൻ ദൈവദാസനായിരുന്നു എന്നതിന് തെളിവാകുന്നില്ല. ഹുമനയോസ്, അലക്സാണ്ടർ, ദേമാസ് തുടങ്ങിയവരെ പേരെടുത്തുപറഞ്ഞ് കുറ്റപ്പെടുത്തിയ പൗലോസ് ദൈവദാസനാണോ ആവോ?

3. Pastor Samachan (Punalur) is known for his prophetic ministry amoung pentecostal believers worldwide. In a recent interview with "hallelujah" magazine informed that it was a great previlage for him to meet and pray with Rev. DGS Dhinakaran.

സാമച്ചന്റെ വീരകൃത്യങ്ങൾ പറയാതിരിക്കയാണ് ബുദ്ധി. തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിച്ചു നടക്കുന്ന ഈ നീചൻ ദിനകരനേക്കുറിച്ചു നല്ല അഭിപ്രായം പറഞ്ഞതുകൊണ്ട് ദിനകരൻ നല്ലവനാകുകയില്ല.

4. Most Senior & Chief Pastor of "The Pentecostal Mission" Chennai and Pastor D Mohan, Fr. Berkamans, were the servants of GOD that visited Dhinakaran's mortal body first in the hospital soon after his home going.

റ്റി.പി.എം. ഒരു കൾട്ടാണ്. ഡി.മോഹനും ഫാ.ബെർക്കമാൻസും മറ്റും ഉപദേശവിശുദ്ധി സൂക്ഷിക്കുന്നവരുമല്ല. ഇത്തരം ദുരുപദേശക്കാർ ദിനകരന്റെ ജഡം കാണാൻ പോയി എന്നതുകൊണ്ട് ദിനകരൻ പുണ്യാളനാകുകയില്ല.

5. Assemblies of GOD Chief Superintendent, Church of GOD chief pastor are attending the Funeral Service along with serval Chief pastors of many pentecostal churchs world wide.

എത്രവലിയ പെന്തക്കോസ്ത് നേതാവ് ദിനകരന്റെ ശവസംസ്ക്കാരത്തിൽ പങ്കെടുത്താലും ദിനകരൻ കാട്ടിക്കൂട്ടിയ കൊള്ളരുതായ്മകൾ വിശുദ്ധീകരിക്കപ്പെടുകയില്ല. ശങ്കരാചാര്യർക്കു പൂജാപാത്രം നൽകിയതുൾപ്പെടെയുള്ള കാര്യങ്ങൾ വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾക്കു മറക്കാനാവില്ല.

6. Many world renowed servants of God have already came to Chennai. Chennai City is totally sinked with sorrow.

ധനവാന് നല്ല ശവമടക്കു ലഭിച്ചു. ലാസറിന്റെ ശവം സംസ്ക്കരിച്ചോ എന്നുപോലും നിശ്ചയമില്ല. പക്ഷേ ശവസംസ്ക്കാരത്തിന്റെ മേൻമനോക്കിയല്ല ദൈവം മരണാനന്തരജീവിതം നൽകിയത്. ആരെല്ലാം ശവസംസ്ക്കാരത്തിൽ പങ്കെടുത്താലും ചെന്നൈ മാത്രമല്ല ലോകം മുഴുവൻ കരഞ്ഞാലും ഗുണമൊന്നുമില്ല.

7. Chief Minister Karunanedhi, Mayor Stalin,Central Ministers, State Ministers along with several church leaders visited hospital during early hours of home going.

അത് രാഷ്ട്രീയക്കാരുടെ തറവേലയാണ്. ശവത്തിന്റെ അടുത്തു നിൽക്കുമ്പോഴും വോട്ടിലാണ് അവരുടെ കണ്ണ്. സാക്ഷാൽ അമേരിക്കൻ പ്രസിഡന്റ് ശവസംസ്ക്കാരത്തിൽ പങ്കെടുത്താലും പാപികൾ നിത്യനരകത്തിലേക്കും വിശുദ്ധർ നിത്യസന്തോഷത്തിലേക്കും പോകും.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കർത്താവായ യേശുക്രിസ്തുവിന്റെ നേതൃത്വത്തിൽ ഐനോനിൽ നടന്ന സ്നാനം ക്രിസ്തീയ ജലസ്നാനമായിരുന്നോ? അത് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിലുള്ള സ്നാനമായിരുന്നോ?

■ ഈ ചോദ്യത്തിന് വ്യക്തമായ ഒരു മറുപടി തിരുവചനത്തിലില്ല. അതുകൊണ്ട് തികച്ചും ശരിയെന്നു തീർത്തു പറയാവുന്ന ഒരു മറുപടി നൽകാനാവില്ല. എങ്കിലും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ചില നിഗമനങ്ങളിലെത്താൻ കഴിയും.

പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. സായിപ്പിന്റെ നിഴലും നീഗ്രോയുടെ നിഴലും കറുത്തതായിരിക്കും. അതുകൊണ്ട് സായിപ്പും നീഗ്രോയും ഒരേനിറമുള്ളവരാണെന്നു പറയാനാവില്ലല്ലോ. നിഴലിനെ ആധാരമാക്കി നിഗമനങ്ങളിലെത്തുമ്പോൾ ഇത്തരം ചില പ്രശ്നങ്ങളുണ്ടാകാം. ത്രിത്വം തന്നെ നല്ല ഉദാഹരണം.

പഴയനിയമത്തിൽ ത്രിത്വം വെളിപ്പെടുന്ന നിരവധി സന്ദർഭങ്ങളുണ്ട്. പക്ഷേ പുതിയനിയമത്തിന്റെ വെളിച്ചത്തിൽ പഠിക്കുമ്പോൾ മാത്രമേ അവ ത്രിത്വത്തേക്കുറിച്ചുള്ള പരാമർശമാണെന്നു വ്യക്തമാകൂ. പഴയനിയമം മാത്രം വായിച്ചിട്ടുള്ള വ്യക്തി ത്രിത്വത്തേക്കുറിച്ച് അറിയാതെ പോയാൽ അത്ഭുതമില്ല. യഹൂദൻമാർക്ക് ഇന്നും ത്രിത്വത്തിൽ വിശ്വസിക്കാൻ കഴിയാത്തത് ഈ കാരണത്താലത്രേ.

അപ്പോസ്തലൻമാർ യേശുവിനോടൊപ്പം നടന്ന ആദ്യനാളുകളിൽ എല്ലാ സത്യങ്ങളും അറിഞ്ഞിരുന്നു എന്ന് ധരിക്കരുത്. യേശു ശിഷ്യൻമാരോടൊപ്പം ഫിലിപ്പിന്റെ കൈസര്യയിൽ എത്തിയപ്പോൾ മാത്രമാണ് യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്നു പത്രോസ് ഏറ്റുപറഞ്ഞത്. അപ്പോഴും മറ്റു ശിഷ്യൻമാർക്ക് ഈ വസ്തുത മനസ്സിലായിരുന്നില്ല. ജീവനുള്ള ദൈവത്തിന്റെ പുത്രൻ എന്ന് പത്രോസ് പറയുന്നുണ്ടെങ്കിലും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെയുള്ള ത്രിത്വത്തിലെ പുത്രൻ എന്ന അർത്ഥത്തിലല്ല പത്രോസ് പറഞ്ഞതെന്നും തീർച്ച. ദാവീദിന്റെ സിംഹാസനത്തിലിരുന്ന് ഭരണം നടത്താനുള്ള അഭിഷിക്തനാണ് യേശു എന്നു മാത്രമേ പത്രോസ് അർത്ഥമാക്കിയുള്ളൂ. ത്രിത്വത്തിന്റെ മർമ്മവും മറ്റും പത്രോസ് ഉൾപ്പെടെയുള്ള അപ്പോസ്തലൻമാർക്ക് മനസ്സിലായത് പിന്നീടാണ്. വസ്തുതകൾ ഇങ്ങനെയിരിക്കെ ഐനോനിലെ സ്നാനത്തിൽ ത്രിത്വത്തേക്കുറിച്ചു പറയാനുള്ള സാദ്ധ്യത വളരെ വിരളമാണ്.

അക്കാലത്ത് പലവിധത്തിലുള്ള സ്നാനങ്ങൾ നിലവിലുണ്ടായിരുന്നു. അന്യജാതിക്കാരെ യഹൂദമതത്തിൽ ചേർക്കുമ്പോൾ സ്നാനം നൽകിയിരുന്നു. യഹൂദസന്യാസ സമൂഹങ്ങളിൽ മാനസാന്തരസ്നാനം നിലനിന്നിരുന്നു. യോഹന്നാൻ സ്നാനം നടത്തിയപ്പോൾ അതിനെതിരെ പരീശൻമാരും മറ്റും സംസാരിക്കാതിരുന്നത് ഈ കാരണത്താലാണ്. ഒരുപക്ഷേ യോഹന്നാൻ ഇത്തരം സന്യാസ സമൂഹങ്ങളുമായി ബന്ധമുള്ള ആളായിരുന്നിരിക്കാം. ഏതായാലും മാനസാന്തരത്തിന്റെ ബാഹ്യമായ അടയാളം എന്ന നിലക്ക് സ്നാനം അക്കാലത്ത് അംഗീകരിക്കപ്പെട്ട കർമ്മമായിരുന്നു.

മാനസാന്തരത്തിന്റെ ഭാഗമെന്ന നിലക്കാണ് യേശുക്രിസ്തുവിന്റെ നേതൃത്വത്തിലും സ്നാനം നടന്നതെന്ന് കരുതാം. അത് ത്രിത്വത്തിന്റെ നാമത്തിൽ ആയിരിക്കാനും സാദ്ധ്യതയില്ല. എന്തെങ്കിലും നാമം പറഞ്ഞിരുന്നോ എന്നും വ്യക്തമല്ല. പറഞ്ഞിരുന്നെങ്കിൽ ദൈവനാമം മാത്രമായിരിക്കും പറഞ്ഞത്.

യേശുക്രിസ്തുവിനെ യിസ്രായേൽ ജനം തള്ളിക്കളഞ്ഞതുകൊണ്ടാണ് ജാതികൾക്കു രക്ഷ വന്നതെന്ന് പൗലോസ് റോമാലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. യേശുവിനെ യിസ്രായേൽ ജനം സ്വീകരിച്ചിരുന്നെങ്കിൽ യേശുക്രിസ്തുവിന്റെ ക്രൂശീകരണം കഴിഞ്ഞ് ഏഴു വർഷംകൂടി കഴിയുമ്പോൾ ദൈവരാജ്യം (സ്വർഗ്ഗരാജ്യം - സഹസ്രാബ്ദവാഴ്ച) ആരംഭിക്കുമായിരുന്നു. അതു സംഭവിച്ചിരുന്നെങ്കിൽ ഇന്നു നാം ജീവിക്കുന്ന കൃപയുടെ കാലമോ ക്രിസ്തീയ ജലസ്നാനമോ ഉണ്ടാകുമായിരുന്നില്ല.

ക്രിസ്തീയ ജലസ്നാനം കർത്തായവായ യേശുക്രിസ്തുവിന്റെ അന്ത്യ കല്പനകളിൽ ഒന്നാണ്. കർത്താവിന്റെ ഉയിർപ്പിനുശേഷമാണ് ഈ കല്പന കൊടുത്തത്. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വെള്ളത്തിൽ മുക്കിയാണ് സ്നാനം നൽകേണ്ടത്. രക്ഷിക്കപ്പെടുവാനല്ല രക്ഷിക്കപ്പെട്ടതുകൊണ്ടാണ് ഈ സ്നാനം ഏൽക്കേണ്ടത്. ദൈവസഭയിലെ അംഗങ്ങൾ തീർച്ചയായും സ്നാനമേൽക്കണം. പക്ഷേ യേശുക്രിസ്തു ഈ കല്പന കൊടുക്കുന്നതിനു മുൻപുള്ള ആരും സ്നാനമേൽക്കേണ്ടതില്ല. (കല്പനയില്ലാത്തിടത്ത് ലംഘനവുമില്ല). അബ്രഹാമും മോശെയും ദാവീദും ഏലിയാവും മാനസാന്തരപ്പെട്ട കള്ളനും സ്നാനമേൽക്കാത്തത് ഈ കാരണത്താലത്രേ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# എം. എ. വർഗീസ് എഞ്ചിനീയറിംഗിന് പഠിക്കുമ്പോൾ



പണ്ടു ഞാൻ ലഡാക്കിലായിരുന്നപ്പോൾ എന്നൊക്കെ പറഞ്ഞ് പട്ടാളക്കാർ വീരകഥകൾ പറയാറുണ്ട്. അതുപോലെ എം.എ. വർഗീസ് ഈയിടെ ഒരു കഥ പറഞ്ഞു. "ഞാൻ പണ്ട് എഞ്ചിനീയറിംഗിന് പഠിക്കുമ്പോൾ.. " എന്നാണ് ഈ ചങ്ങാതി പറഞ്ഞത്. ഇതു കേട്ടാൽ ഇയാൾ എഞ്ചിനീയറാണെന്നു തോന്നും. പക്ഷേ മഹാവിശുദ്ധനായ ഇയാൾ പച്ചക്കള്ളം പറയുകയാണ്. താൻ എയർഫോഴ്സിൽ ശാസ്ത്രജ്ഞനായിരുന്നു എന്നു പറഞ്ഞുനടക്കുന്ന ഇയാളുടെ യഥാർത്ഥ വിദ്യാഭ്യാസ യോഗ്യത പത്താംക്ലാസ്സും ഐ.റ്റി.ഐയുമാണ്. ഒരു ഡിഗ്രിപോലും കൈവശമില്ലെന്നു ചുരുക്കം. അങ്ങനെയുള്ള ഇയാൾ ശാസ്ത്രജ്ഞനായതെങ്ങനെ? സുരേഷ് ബാബു ബി.ടെക്കുകാരനായതുപോലെ തന്നെ. അതായത്, എം.എ.വർഗീസ് എന്ന വിശുദ്ധൻ ശുദ്ധ ഭോഷ്ക്കുപറയുന്നു.

# പ്രവചനം: ബഥേൽ വഹ

പരമ വിശുദ്ധനായി ഭാവിച്ചു നടക്കുന്ന ബഥേൽ പി. ജേക്കബ് ഇത്രവലിയ കള്ളനാണെന്ന് ഡിഫെൻഡർ അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ ഇയാൾക്കെതിരെ എഴുതുമായിരുന്നു. ഈ പരമ നീചനെതിരെ എഴുതാൻ ഇത്ര താമസിച്ചു പോയതിൽ ദുഃഖമുണ്ട്.

ലൈംഗിക വൈകൃതങ്ങളിൽ ആനന്ദം കണ്ടെത്തുന്ന ആളാണ് ബഥേൽ. റ്റി.എസ്.ഏബ്രഹാമിനേപ്പോലെ ഇയാളും ബൈബിൾ സ്ക്കൂളിൽ പഠിക്കുന്ന പെൺകുട്ടികളെ കാലുതിരുമ്മിക്കാനെന്നു പറഞ്ഞു വിളിച്ച് ലൈംഗികമായി ചൂഷണം ചെയ്യുക പതിവാണ്. ഇതിന് ദൃക്സാക്ഷികളുമുണ്ട്. ഒരു അമ്മയേയും മകളേയും ഒന്നിച്ച് വെപ്പാട്ടികളാക്കിയ വീരനുമാണ് ബഥേൽ. ഈ വിഷയങ്ങളൊക്കെ ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ എഴുതിയിരുന്നല്ലോ. എന്നാൽ ദൈവനാമം വൃഥാ ഉപയോഗിച്ച് പലരേയും ഇയാൾ ചതിച്ചിട്ടുണ്ട്. അതേപ്പറ്റിയാണ് ഈ ലക്കത്തിൽ വിശദീകരിക്കുന്നത്.

കള്ളപ്രവചനവും രോഗശാന്തിയും ഉണർവ്വുമായി അമേരിക്കയിൽ ചുറ്റുന്ന ഇയാൾ പണക്കാരായ കുടുംബക്കാരെ വലയിലാക്കും. നിങ്ങൾക്ക് ഇവിടെനിന്ന് ഒരു മാറ്റം ഞാൻ ദർശനത്തിൽ കാണുന്നു എന്ന് ആദ്യം പറയും. അത് എവിടേക്കാണെന്നറിയാൻ വീട്ടുകാർക്ക് താല്പര്യമുണ്ടാകും. ബഥേലിന് വീണ്ടും വെളിപ്പാടുകിട്ടും. ഡാളസിലേക്കാണ് ദൈവം നിങ്ങളെ അയയ്ക്കുന്നത്. ഡാളസിൽ എവിടെ? അതും ബഥേൽ ദർശനം കണ്ട് കൃത്യമായി പറയും. മാത്രമല്ല അപ്പാർട്ട്മെന്റും മറ്റും ശരിയാക്കി കൊടുക്കുകയും ചെയ്യും. അപ്പാർട്ട്മെന്റ് കച്ചവടക്കാരനുമായി പറഞ്ഞൊത്തശേഷമുള്ള കളിയായിരുന്നു ഇതെന്ന് പാവം വിശ്വാസികൾ അറിയില്ല. അപ്പാർട്ട്മെന്റിന് ആളെ കൊണ്ടുവന്ന വകയിൽ കമ്മീഷൻ കിട്ടും. കൂടാതെ ബഥേലിന്റെ സഭയിൽ ഒരു കുടുംബംകൂടി ആകുകയും ചെയ്തു. (എങ്ങനെയുണ്ട് ബഥേലിന്റെ ബുദ്ധി).




# ലൂയീസ്കുട്ടിക്ക് അഭിനന്ദനം

ടി.പിയുടെ ബൈബിൾ സ്ക്കൂളിലെ ബിരുദദാനച്ചടങ്ങിൽ പ്രധാന പ്രസംഗകനായെത്തിയ ഡോ.സി.റ്റി.ലൂയീസ്കുട്ടിക്ക് അഭിനന്ദനം. പ്രസംഗകനായെത്തിയതിനോ പ്രസംഗിച്ചതിനോ അല്ല പ്രസംഗിക്കേണ്ടതുപോലെ പ്രസംഗിച്ചതിനാണ് അഭിനന്ദനം.

കോഴി ചാടുകയും പറക്കുകയും മറ്റും ചെയ്യും. പക്ഷേ കോഴിയുടെ തല വെട്ടിക്കളഞ്ഞാൽ പൂർവ്വാധികം ശക്തിയായി ചാടും, പറക്കും. ഇന്നത്തെ ഉണർവ്വുകൾ ഇങ്ങനെയാണ്. തലയില്ല. എന്നിട്ടും ചാടുന്നു, പറക്കുന്നു. ഇത് ഏറെ നീണ്ടുനിൽക്കുകയില്ല. കാരണം, ഇവർക്കു തലയില്ല, ജീവനുമില്ല. ഇതാണ് ലൂയീസ്കുട്ടി പറഞ്ഞതിന്റെ ചുരുക്കം. സംഗതി ഒന്നാംതരമായിരിക്കുന്നു. പ്രസംഗിക്കുന്നെങ്കിൽ ഇങ്ങനെ പ്രസംഗിക്കണം. ഡിഫെൻഡറിന്റെ അഭിനന്ദനങ്ങൾ.

# വല്ലതും പറ്റിയോ ടി. പീ?

വണ്ടിയപകടമുണ്ടായിട്ട് വല്ലതും പറ്റിയോ ടി.പീ? വണ്ടി തവിടുപൊടിയായിട്ടും യാത്രക്കാർക്ക് കാര്യമായ കുഴപ്പമൊന്നും ഉണ്ടായില്ലെന്നാണ് അറിഞ്ഞത്. അതു ശരിയാണോ?

സംഭവം പിടികിട്ടിയില്ലെങ്കിൽ പറയാം. ടി.പിയുടെ വണ്ടി ഈയിടെ ബസ്സുമായി കൂട്ടിയിടിച്ചു. വണ്ടി ആകെ നാശമായെങ്കിലും വണ്ടിയിലുണ്ടായിരുന്നവർക്ക് കുഴപ്പമൊന്നും ഉണ്ടായില്ല.

റ്റി.എസ്.ബാലനാണ് ഇത്തരം ഒരു അപകടത്തിൽ പെട്ടതെങ്കിൽ എന്തൊക്കെയാകുമായിരുന്നു വ്യാഖ്യാനങ്ങൾ. ബാലനെ ദൈവം തല്ലി, ഉരുട്ടി, ചവുട്ടി, ശിക്ഷിച്ചു... അങ്ങനെ പോകുമായിരുന്നു വിവരണം. ഇത്രയുമൊക്കെയായിട്ടും ബാലൻ പഠിക്കുന്നില്ലല്ലോ. ഇനിയെങ്കിലും മാനസാന്തരപ്പെട്ടില്ലെങ്കിൽ കീറിക്കളയും.

പക്ഷേ ഇവിടെ അപകടത്തിൽ പെട്ടത് വിശുദ്ധ ടി.പി ആണ്. അതുകൊണ്ട് ഇത് പരീക്ഷയാണ്, പരിശോധനയാണ്, സാത്താന്റെ പോരാട്ടമാണ്. ദൈവം അത്ഭുതകരമായി വിടുവിച്ചു. ഹാലേലൂയ്യാ.

# ഫോൺ നഹി

ബഥേൽ പി. ജേക്കബ്ബിനേക്കുറിച്ചെഴുതിയാൽ തട്ടിക്കളയും എന്നു ബാലനെ ഫോൺ വിളിച്ചറിയിച്ച ചങ്ങാതിക്ക് നാവിറങ്ങിയ മട്ടാണ്. 001-469-892-6637 എന്ന നമ്പറിൽ നിന്നാണ് ഈ വിദ്വാൻ ഫെബ്രുവരി ഒന്നാംതീയതി വിളിച്ചത്. കക്ഷി താമസിക്കുന്നത് അമേരിക്കയിലെ ഡാളസ്സിലാണെന്നും വ്യക്തമായി. ഈ വിദ്വാനേക്കുറിച്ച് കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതുകയും ചെയ്തിരുന്നു. പക്ഷേ ഒരു പ്രതികരണവും ഉണ്ടായില്ല. ഇവന്റെ ഭീഷണി കേട്ട് റ്റി.എസ്സ്.ബാലൻ വിരണ്ടുപോകുമെന്നും ബഥേലിനേക്കുറിച്ച് എഴുതുന്നതു നിർത്തുമെന്നും മറ്റുമായിരിക്കാം ഇയാൾ കരുതിയത്. പക്ഷേ അങ്ങനെയൊന്നും വിരളുന്ന ആളല്ല ബാലനെന്ന് ഈ മാന്യദേഹത്തിന് ഇപ്പോഴെങ്കിലും മനസ്സിലായെന്നു തോന്നുന്നു.

# മോൾക്കു വിശേഷമായോ ടി.പീ?



ടി.പിയുടെ മോൾക്കു വിശേഷം വല്ലതുമായോ എന്നറിയാൻ ഡിഫെൻഡറിന് ചെറിയതോതിൽ ഒരു ആകാംഷ. മോൾ വാൽസ്യായന കലയിൽ പ്രാവീണ്യം നേടാനുള്ള ശ്രമം ആരംഭിച്ചിട്ട് വർഷം പലതായെങ്കിലും അടുത്ത കാലം വരെ വിശേഷാൽ വല്ലതും സംഭവിക്കാനുള്ള പ്രായം ആയിരുന്നില്ലല്ലോ. അതുകൊണ്ടാണ് നാളിതുവരെ ഇത്തരം ഒരു സംശയം ചോദിക്കാതിരുന്നത്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. നല്ല ഒന്നാംതരം വിശേഷം ഉണ്ടാക്കാനുള്ള പ്രായമായി മോൾക്ക്. അതുകൊണ്ട് എന്തും സംഭവിക്കാം. സൂക്ഷിക്കുക. ഡിഫെൻഡറിന് ജോലി ഉണ്ടാക്കി വെയ്ക്കരുത്.

പണ്ട് മകന്റെ കാര്യം പറഞ്ഞപ്പോൾ ഡിഫെൻഡർ കള്ളം പറയുകയാണെന്നു പറഞ്ഞു. പക്ഷേ ഏതാനും ആഴ്ച മുൻപ് മകൻ എല്ലാം ഏറ്റുപറഞ്ഞു. അമ്മ അത് തർജ്ജമ ചെയ്തു. മോളേക്കുറിച്ച് ഡിഫെൻഡർ പറയുന്നതു കള്ളമാണെന്ന് ഇപ്പോൾ പറഞ്ഞുകൊള്ളൂ. പക്ഷേ ഭാവിയിൽ മകൾ തന്നെ സത്യം തുറന്നുപറയും. അന്ന് അപ്പൻ അത് തർജ്ജമ ചെയ്യണം.

# ടി.പി. ഇത്തവണയും ശാരോനെ കബളിപ്പിച്ചു

ശാരോനിലെ കൊള്ളക്കാരിൽ പ്രധാനിയായ ടി.പി.ഏബ്രഹാം ഇത്തവണയും ശാരോനെ കബളിപ്പിച്ചു. ശാരോനിലെ പാസ്റ്റർമാരെ വിളിച്ചുകൂട്ടി സായിപ്പിനെ കാണിച്ച് കാശുപിടുങ്ങി.

ടി.പിക്ക് ഒരു ബൈബിൾ കോളേജുണ്ട്. ആണ്ടുതോറും ഒരു ബിരുദദാനച്ചടങ്ങും നടത്തും. ചടങ്ങിൽ പങ്കെടുക്കാൻ സായിപ്പൻമാരോ മറ്റ് പണച്ചാക്കുകളോ ഉണ്ടാകും. ടി.പി. അത്യുഗ്രൻ വേലയാണ് ഇന്ത്യയിൽ നടത്തുന്നതെന്നു തെളിയിച്ചാൽ മാത്രമേ സായിപ്പിന്റെ കൈയ്യിൽ നിന്ന് പണം കിട്ടൂ. ബൈബിൾ സ്ക്കൂളിലെ വിദ്യാർത്ഥികളെ കാണിച്ച് പണമുണ്ടാക്കാം. പക്ഷേ അതുപോരാ. നൂറുകണക്കിനു പ്രവർത്തകർ ടി.പിയോടൊപ്പമുണ്ടെന്നു കാണിക്കണം. അവരുടെ തലയെണ്ണി കാശുവാങ്ങണം. അതിനുള്ള ഒരു വിദ്യ എല്ലാക്കൊല്ലവും ടി.പി പ്രയോഗിക്കും. ഈ വർഷവും അതുതന്നെ ചെയ്തു.

ബൈബിൾ സ്ക്കൂളിന്റെ ബിരുദദാനച്ചടങ്ങിൽ പങ്കെടുക്കാൻ എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലുള്ള എല്ലാ ശാരോൻ പാസ്റ്റർമാരേയും വിളിച്ചുവരുത്തി. വിളിക്കുന്നത് സർവ്വശക്തനായ ടി.പിയാണ്. വന്നില്ലെങ്കിൽ പ്രശ്നമാകും. അതുകൊണ്ട് എല്ലാ പാസ്റ്റർമാരും വരും. ഇവരൊക്കെ ടി.പിയുടെ സ്വന്തം സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന പാസ്റ്റർമാരാണെന്നത്രേ സായിപ്പ് ധരിക്കുക. ആ വകയിൽ കൈ നിറയെ പണം കിട്ടും. അതെല്ലാം ടി.പിയുടെ സംഘടനയുടെ അക്കൗണ്ടിലേക്കുപോകും. ശാരോനോ പാസ്റ്റർമാർക്കോ ഒന്നുമില്ല.



# ശാരോനും മോനായിയും കുറെ ഭോഷ്ക്കും

സ്വന്തം കാര്യസാദ്ധ്യത്തിനായി എന്തു കള്ളവും പറയാൻ മടിയില്ലാത്ത ചിലരുണ്ട്. സി.പി.മോനായി അക്കൂട്ടത്തിലുള്ള ഒരാളാണ്. എത്ര വലിയ കള്ളവും പറയാൻ ഈ ചങ്ങതിക്കു മടിയില്ല. കേവലം 2500 കോപ്പി മാത്രം അടിക്കുന്ന സുഭാഷിതത്തിന് അഞ്ചുലക്ഷത്തിലധികം വായനക്കാരുണ്ടെന്നത്രേ മോനായി പരസ്യം കൊടുത്തിരുന്നത്. ഡിഫെൻഡർ സത്യം പുറത്തു കൊണ്ടുവന്നപ്പോൾ വായനക്കാരുടെ എണ്ണം ഒരുലക്ഷമായി കുറച്ചു. ഈയിടെ ഇറങ്ങിയ പത്രത്തിൽ വായനക്കാരുടെ എണ്ണത്തേക്കുറിച്ച് പറയുന്നതുമില്ല.

ഡിഫെൻഡറിന്റെ എഡിറ്ററായ അനീഷ് ബാലൻ വിദേശത്താണെന്ന് മോനായി കോടതിയിൽ സത്യവാങ്മൂലം കൊടുത്തു. പക്ഷേ അനീഷിന് പാസ്പോർട്ടുപോലുമില്ല. സ്വന്തം വിദ്യാഭ്യാസയോഗ്യതയേക്കുറിച്ചു മോനായി പറയുന്ന കള്ളം തെളിവുസഹിതം ഡിഫെൻഡറിന്റെ വരുംലക്കങ്ങളിൽ വിശദീകരിക്കാം. അവാർഡ് ബിസിനസ്സിനേക്കുറിച്ച് ഡിഫെൻഡറിൽ വിശദമായി എഴുതിയിരുന്നല്ലോ. ഇങ്ങനെ മോനായി പറയുന്ന കള്ളങ്ങൾ ഏറെയുണ്ട്.

മോനായിയുടെ തട്ടിപ്പുകൾ ഡിഫെൻഡർ പുറത്തു കൊണ്ടുവന്നതിലുള്ള വിരോധം മൂലം കഴിഞ്ഞ ചില മാസങ്ങളായി മോനായി റ്റി.എസ്.ബാലനെതിരെ പച്ചക്കള്ളങ്ങൾ എഴുതി വിടുകയാണ്. മോനായിയുടെ ഭാര്യയായ സാലി കെ.സി.ജോണുമൊത്ത് വ്യഭിചരിച്ച സംഭവം ഡിഫെൻഡറിലൂടെ മാലോകർ അറിഞ്ഞതും മറ്റൊരു കാരണമാണ്.

റ്റി.എസ്.ബാലനെ ശാരോനിൽ നിന്ന് പുറത്താക്കി എന്നൊരു കള്ളം ഏറെ പ്രാധാന്യം കൊടുത്ത് മോനായി പ്രചരിപ്പിച്ചുവരുന്നു. ഇതിനെതിരെ മാനനഷ്ടക്കേസ്സ് കൊടുക്കുമെന്ന് അറിയിച്ചുകൊണ്ട് റ്റി.എസ്.ബാലൻ വക്കീൽ നോട്ടീസ് അയച്ചപ്പോൾ മോനായി ഭയന്നു. റ്റി.എസ് ബാലൻ പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗമാണെന്നു വ്യക്തമാക്കിക്കൊണ്ട് സഭയുടെ പാസ്റ്ററായ ഏബ്രഹാം ജോസഫ് റ്റി.എസ്.ബാലനു നൽകിയ സർട്ടിഫിക്കറ്റിന്റെ കോപ്പിയും നോട്ടീസിനോടൊപ്പമുണ്ടായിരുന്നു. റ്റി.എസ്.ബാലൻ പെരുമ്പാവൂർ ശാരോൻ സഭയിലെ അംഗമാണെന്നു വ്യക്തമാക്കിക്കൊണ്ട് പാസ്റ്റർ ഏബ്രഹാം ജോസഫ് മോനായിക്ക് കത്തയച്ചു എന്നൊരു കള്ളം അച്ചടിച്ചുവിടുകയാണ് മോനായി ചെയ്തത്.

ബാലൻ പെരുമ്പാവൂർ ശാരോനിലെ അംഗമാണെന്നു വന്നാൽ മോനായിക്ക് അതു വലിയ ക്ഷീണമാകും. ബാലനെ സകല സഭക്കാരും പുറത്താക്കിയിരിക്കയാണ് എന്നു പ്രചരിപ്പിക്കേണ്ടത് മോനായിയുടെ ആവശ്യമാണല്ലോ. ഏതെങ്കിലും ശാരോൻ നേതാവിനേക്കൊണ്ട് ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ മോനായി വളരെ ശ്രമിച്ചു. പക്ഷേ ഒരു നേതാവും വഴങ്ങിയില്ല. ബാലന് ശാനോനിൽ അംഗത്വമുള്ളതായി അറിവില്ല എന്ന് ടി.പി. ഏബ്രഹാമിനേക്കൊണ്ടു പറയിച്ചതുമാത്രമാണ് ഏക നേട്ടം. റ്റി. എസ്.ബാലനെ ശുശ്രൂഷയിൽ നിന്നും സസ്പെന്റ് ചെയ്തു എന്നൊരു നോട്ടീസും പ്രസിദ്ധീകരിച്ചു. മാത്രമല്ല, ബാലൻ പെരുമ്പാവൂർ സഭയിലെ അംഗമാണെന്നു സർട്ടിഫിക്കറ്റ് കൊടുത്തതിന് പാസ്റ്റർ ഏബ്രഹാം ജോസഫിനോട് ശാരോൻ നേതൃത്വം വിശദീകരണം ചോദിച്ചെന്ന പച്ചക്കള്ളവും എഴുതിവിട്ടു. പക്ഷേ ഏബ്രഹാം ജോസഫിനോട് ഒരു നേതാവും വിശദീകരണം ചോദിച്ചിട്ടില്ല. (ഇത്തരം ഒരു വിശദീകരണം ചോദിക്കാനുള്ള ധൈര്യം ശാരോൻ നേതാക്കൻമാരെന്നു പറഞ്ഞുനടക്കുന്ന ഒരു ശുനകനുമില്ലെന്ന വസ്തുത ഇനിയെങ്കിലും മോനായി അറിയുക).

വിവരക്കേടിന്റെ പര്യായമായ മോനായി അറിയാത്ത ചില കാര്യങ്ങൾ ഇതിന്റെയൊക്കെ പിന്നിലുണ്ട്. വായനക്കാരുടെ അറിവിലേക്കായി അതു പറയാം:

റ്റി.എസ്.ബാലൻ കൊച്ചറ ശാരോൻ സഭയിലെ അംഗമായിരുന്നു. നാഗാലാന്റിൽ ജോലി ചെയ്തിരുന്ന കാലത്തും ഈ അംഗത്വം തുടർന്നു. 1993ൽ നാഗാലാന്റിൽ നിന്നും മടങ്ങിയെത്തുകയും മുണ്ടിയപ്പള്ളിയിൽ താമസമാക്കുകയും ചെയ്തു. മൂന്നു വർഷം അവിടെ താമസിച്ചു. അക്കാലത്ത് മുണ്ടിയപ്പള്ളി ശാരോനിലെ അംഗമായിരുന്നു. 1994ൽ ബാലൻ ശാരോനിലെ പാസ്റ്ററായി. 1996ൽ കീഴില്ലം സഭയിലേക്ക് സ്ഥലംമാറ്റം ലഭിച്ചു. അവിടെ അഞ്ചുകൊല്ലം പാസ്റ്ററായി ശുശ്രൂഷ ചെയ്തു. 2001ൽ സെരാംപൂർ ഡി.മിന്നിന് അഡ്മിഷൻ ലഭിച്ചു. ചുമ്മാഡോ കിട്ടാൻ ബുദ്ധിമുട്ടില്ലെങ്കിലും പഠിച്ച് ഡോക്ട്രേറ്റ് എടുക്കാൻ നന്നായി അദ്ധ്വാനിച്ചേ മതിയാകൂ. അതുകൊണ്ട് പഠനവും സഭാശുശ്രൂഷയും ഒന്നിച്ചു ചെയ്യുക ബുദ്ധിമുട്ടാണ്. ആകയാൽ സഭാശുശ്രൂഷയിൽ നിന്ന് അവധിയെടുത്തു. പെരുമ്പാവൂരിലേക്ക് താമസം മാറ്റുകയും ചെയ്തു. അങ്ങനെ 2001 മുതൽ റ്റി.എസ്.ബാലൻ പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ അംഗമായി തുടരുന്നു. ബാലനെ ആരും സഭയിൽ നിന്ന് പുറത്താക്കിയിട്ടില്ല.



ശാരോൻ നേതാക്കൻമാരായ ടി.ജി.കോശി, ടി.പി.ഏബ്രഹാം, സി.വി.ജോൺ തുടങ്ങിയ കള്ളൻമാർ ശാരോന്റെ സ്വത്തുക്കൾ കൊള്ളയടിക്കുന്നത് റ്റി.എസ്.ബാലന്റെ ശ്രദ്ധയിൽ പെട്ടത് ഈ കാലത്താണ്. ശാരോന്റെ സഭകളിൽ ഭൂരിപക്ഷവും ഈ നേതാക്കൻമാരുടെ സ്വന്തം സംഘടനകളുടെ വകയാണ്. മറ്റു പാസ്റ്റർമാരും വിശ്വാസികളും ഈ വസ്തുത അറിയുന്നില്ലെന്നു മാത്രം. ഈ തട്ടിപ്പിനെതിരെ റ്റി. എസ്.ബാലൻ ഡിഫെൻഡറിൽ എഴുതി. അത് ശാരോൻ നേതാക്കൻമാർക്കു സഹിക്കാൻ കഴിഞ്ഞില്ല. വിശ്വാസികൾ സത്യം മനസ്സിലാക്കിയാൽ നേതാക്കൻമാർക്കുണ്ടാകുന്ന നഷ്ടം വളരെ വലുതായിരിക്കും. നല്ലവാക്കു പറഞ്ഞ് ബാലനെ വലയിലാക്കാൻ ഈ നേതാക്കൻമാർ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ബാലനെ ഒതുക്കാൻ മറ്റൊരു മാർഗ്ഗവും കണ്ടുമില്ല.

അങ്ങനെയിരിക്കുന്ന കാലത്താണ് ഇന്റർനെറ്റ് കേസ്സ് ഉത്ഭവിച്ചത്. ഇതോടെ ബാലൻ വായടയ്ക്കും എന്ന് ഏവരും കരുതി. പക്ഷേ ബാലൻ പൂർവ്വാധികം ശക്തിയോടെ തിരിച്ചടിക്കുന്നതു കണ്ടപ്പോൾ ശാരോൻ നേതാക്കൻമാർ ഭയന്നു. നേതാക്കൻമാർ തട്ടിയെടുത്ത സ്വത്തുക്കൾ ഉടൻ ശാരോന് മടക്കി നൽകണമെന്നും വീഴ്ചവരുത്തിയാൽ നിയമനടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കിക്കൊണ്ട് ബാലൻ അയച്ച വക്കീൽ നോട്ടീസ് കൂടി ലഭിച്ചതോടെ ശാരോൻ നേതാക്കൻമാർ ശരിക്കു കുഴഞ്ഞു. അവർ ഒത്തുകൂടി ഗൂഢാലോചന നടത്തി. ബാലനെ സഭയിൽ നിന്നു പുറത്താക്കിനാണ് ആദ്യം ആലോചിച്ചത്. പിന്നീട് ആ പരിപാടി വേണ്ടെന്നുവച്ചു. ഇന്റർനെറ്റ് കേസ്സിന്റെ പേരുപറഞ്ഞ് ബാലനെ ശുശ്രൂഷയിൽ നിന്നു സസ്പെന്റ് ചെയ്യാമെന്നു തീരുമാനിച്ചു. പക്ഷേ വീണ്ടും ഒരു പ്രശ്നം. ബാലനെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള കത്തിൽ ആര് ഒപ്പിടും? നേതാക്കൻമാർക്കെല്ലാം പേടി. ഒടുവിൽ ഒരു വഴി കണ്ടുപിടിച്ചു. വെറും ഒരു കൗൺസിൽ അംഗം മാത്രമായ പി.എം. ജോണിനെ തത്ക്കാലത്തേക്ക് സെക്രട്ടറിയാക്കി നോട്ടീസിൽ ഒപ്പിടുവിച്ചു. അങ്ങനെ ആ മാന്യദേഹം ഒരു മണിക്കൂർ നേരം ശാരോന്റെ സെക്രട്ടറിയായി. സഭാസ്വത്തുക്കൾ സഭക്കു തിരികെ നൽകണം എന്ന വക്കീൽ നോട്ടീസ് നേതാക്കൻമാർ കൈപ്പറ്റുന്നതിന് ഏതാനും ദിവസം മുൻപുള്ള ഒരു തീയതിയും വച്ച് നോട്ടീസിറക്കി. പക്ഷേ മറ്റൊരു പ്രശ്നമുണ്ടായി. നോട്ടീസ് അയച്ച കവറിലുള്ള പോസ്റ്റൽ മുദ്ര സത്യം പുറത്തുകൊണ്ടുവന്നു. വക്കീൽ നോട്ടീസ് കിട്ടി ഒരാഴ്ച കഴിഞ്ഞുള്ള തീയതിയാണ് പോസ്റ്റൽ മുദ്രയിലുള്ളത്. സഭാസ്വത്തുക്കൾ തിരികെ നൽകുന്നത് ഒഴിവാക്കാനായി ശാരോൻ നേതാക്കൻമാർ ബാലനെതിരെ പുറപ്പെടുവിച്ച വ്യാജനോട്ടീസാണ് മോനായി സ്വന്തം പത്രത്തിൽ പ്രസിദ്ധീകരിച്ചത്.

ഏറെ വിചിത്രമായ ചില വസ്തുതകൾകൂടി ഇതോടുള്ള ബന്ധത്തിൽ പറയാനുണ്ട്. റ്റി. എസ്.ബാലൻ സഭാശുശ്രൂഷയിൽ നിന്ന് അവധിയെടുത്ത് ഒരു വർഷത്തിലധികം കഴിഞ്ഞാണ് ബാലനെ സസ്പെന്റ് ചെയ്തത്. ശാരോന്റെ ഒരു സഭയിൽ ശുശ്രൂഷകനായിരുന്നു ബാലൻ. അവധിയെടുത്തപ്പോൾ ആ ശുശ്രൂഷ തിരികെ കൊടുത്തു. ശാരോൻ കൊടുത്ത ഒരു ശുശ്രൂഷയും ബാലന്റെ കൈവശമില്ല. പിന്നെ ഏതു ശുശ്രൂഷയിൽ നിന്നാണ് ബാലനെ സസ്പെന്റ് ചെയ്തത്? ഒരു പിടിയുമില്ല.

ബാലൻ സുവിശേഷം പ്രസംഗിക്കാറുണ്ട്. ബൈബിൾ പഠിപ്പിക്കാറുണ്ട്. ആരെങ്കിലും ആവശ്യപ്പെട്ടാൽ സ്നാനം, തിരുവത്താഴം തടങ്ങിയവ നടത്താറുമുണ്ട്. ഇതൊന്നും ശാരോൻ തന്നതല്ല. ഈ ശുശ്രൂഷകൾ ചെയ്യാൻ ബാലന് ശാരോൻ നേതാക്കളുടെ അനുവാദവും ആവശ്യമില്ല. ശാരോന്റെ ഒരു ശുശ്രൂഷയും കൈവശമില്ലാത്ത ബാലനെ ശാരോൻ നേതാക്കൻമാർ സസ്പെന്റ് ചെയ്തുകൊണ്ട് അയച്ച നോട്ടീസ് കടല പൊതിയാനല്ലാതെ മറ്റൊന്നിനും കൊള്ളുകയില്ല. ഈ നോട്ടീസാണ് ബാലനെതിരെ മോനായി ഉയർത്തിക്കാട്ടുന്നത്.

ബാലനെ ശാരോൻ സഭയിൽ നിന്നു പുറത്താക്കിയെന്നല്ല ശുശ്രൂഷയിൽ നിന്ന് സസ്പെന്റ് ചെയ്യുന്നു എന്നാണ് കത്തിലുള്ളത്. ഇത്തരം ഒരു സസ്പെൻഷൻ ഉണ്ടാകുന്നതോടെ ബാലന്റെ കഞ്ഞികുടി മുട്ടും എന്നായിരുന്നു ശാരോൻ നേതാക്കളുടെ പ്രതീക്ഷ. പക്ഷേ സഭാശുശ്രൂഷകനായിരുന്ന കാലത്തുപോലും സഭയിൽ നിന്നുള്ള വരുമാനം വാങ്ങാതെ അദ്ധ്വാനിച്ചു ജീവിച്ചിരുന്ന ബാലന് വിശേഷിച്ചൊരു ബുദ്ധിമുട്ടും സസ്പെൻഷൻ മൂലം ഉണ്ടായില്ല. അതുകൊണ്ട് ബാലനെ സഭയിൽ നിന്നു പുറത്താക്കാൻ ചില ആലോചനകൾ അവർ നടത്തി. ഇതറിഞ്ഞ ബാലൻ സഭയിൽ നിന്നു തന്നെ പുറത്താക്കുന്നതു തടയണമെന്നാവശ്യപ്പെട്ട് പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഹർജി കൊടുത്തു. ഇതിനുള്ള മറുപടിയിൽ ശാരോൻ നേതാക്കൻമാർ ചില സുപ്രധാന വെളിപ്പെടുത്തലുകൾ നടത്തി. അവയിൽ പ്രധാനപ്പെട്ടവ:

1. റ്റി.എസ്.ബാലൻ ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിലെ അംഗമല്ല. അംഗത്വം ലഭിക്കാൻ അപേക്ഷിച്ചിട്ടുപോലുമില്ല. ഓർഡിനേഷൻ ലഭിച്ചശേഷം 15 വർഷം പാസ്റ്ററായി സേവനം ചെയ്ത പാസ്റ്റർമാർക്കു മാത്രമേ അംഗത്വം ലഭിക്കൂ. അതുകൊണ്ട് ബാലന് അംഗത്വം ലഭിക്കാനുള്ള അർഹതപോലുമില്ല.
2. ബാലൻ പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ അംഗമാണ്. പക്ഷേ പെരുമ്പാവൂർ ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്നത് ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയുടെ ബ്രാഞ്ചല്ല.

പൊന്നു മാളോരേ, റ്റി. എസ്.ബാലൻ ശാരോന് ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിലെ അംഗത്വം ആവശ്യമില്ല. ഇത്തരം സംഘടനകൾ വചനവിരുദ്ധവും സാത്താന്യവുമാണ് എന്നു വിശ്വസിക്കുന്ന ആളാണ് ബാലൻ. പക്ഷേ ലോക്കൽ സഭ ദൈവീക പദ്ധതിയിലുള്ളതാണ്. അതുകൊണ്ടു ബാലന് പെരുമ്പാവൂരിലുള്ള ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന പ്രാദേശിക സഭയിൽ അംഗത്വം വേണം. അതുണ്ട്. ബാലൻ സഭയിലെ അംഗമാണെന്ന് പാസ്റ്റർ പറയുന്നു. ബാലനെ ആരും പുറത്താക്കിയിട്ടില്ല.

ബാലന് ശാരോനിൽ അംഗത്വമുള്ളതായി അറിയില്ലെന്നു ടി.പി.ഏബ്രഹാം പറഞ്ഞതു ശരിയാണ്. ബാലനു മാത്രമല്ല ടി.പിയുടെ അപ്പനുപോലും ശാരോനിൽ അംഗത്വമില്ല. ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിൽ ഇരുപതോളം അംഗങ്ങൾ മാത്രമേയുള്ളൂ. കാര്യങ്ങളൊക്കെ മോനായിക്ക് ഇപ്പോഴെങ്കിലും മനസ്സിലായോ? ഇല്ലെങ്കിൽ മോനായിക്കു ഹാ കഷ്ടം.



## ആനിയെ അറിയാമോ മോനായി?

മോനായിയോട് ഒരു ചോദ്യം. സംഗതി രഹസ്യമാണ്. അതുകൊണ്ട് രഹസ്യമായി ചോദിക്കേണ്ടതുമാണ്. പക്ഷേ മോനായിക്ക് ഡിഫെൻഡറിനോടു വിരോധമാണല്ലോ. അതുകൊണ്ട് രഹസ്യമായി ചോദിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആകയാൽ പരസ്യമായി ചോദിക്കയാണ്. (മോനായി രഹസ്യമായി വായിച്ചാൽ മതി).

ചില വർഷങ്ങൾക്കു മുൻപ് ആനി എന്നൊരു സ്ത്രീ കാക്കനാട്ട് താമസിച്ചിരുന്നു. ഇപ്പോൾ ഫോർട്ട് കൊച്ചി ഭാഗത്താണ് ഇവരുടെ താമസം. കാക്കനാട്ടുള്ള ഒരു സഭയിൽ ശുശ്രൂഷിച്ചിരുന്ന ഒരു പാസ്റ്ററുമായി ഈ സ്ത്രീ അവിഹിതബന്ധം തുടങ്ങി. ഭർത്താവും ഒരു കുട്ടിയുമുള്ള (ഇപ്പോൾ രണ്ട്) ഇവർ വലിയ മറയൊന്നും കൂടാതെയാണ് ഈ ബന്ധം തുടർന്നത്. പ്രശ്നം സഭാകേന്ദ്രത്തിൽ എത്തിയപ്പോൾ പാസ്റ്ററെ സഭയിൽ നിന്നു പിരിച്ചുവിട്ടു. അയാൾ ഐ.പി.സിയിൽ ചേരുകയും ബാംഗ്ലൂരിൽ പഠിക്കാൻ പോകുകയും ചെയ്തു. ഈ സംഭവത്തേക്കുറിച്ച് മോനായിക്ക് എന്തെങ്കിലും അറിയാമോ? മോനായി ചില വർഷങ്ങൾക്കു മുൻപ് കാക്കനാട്ട് സഭാശുശ്രൂഷകനായിരുന്നതുകൊണ്ട് ചോദിച്ചതാണ്. തെറ്റിദ്ധരിക്കരുത്, പ്ലീസ്.

# അച്ചായൻ ഉരുണ്ടുകളിക്കുന്നു

ഏതച്ചായൻ, എവിടത്തെ അച്ചായൻ എന്നൊക്കെ ചോദിക്കാൻ വരട്ടെ. കാരണം, അച്ചായൻ എന്നൊരാളുണ്ട്. അതാണ് കക്ഷിയുടെ സാക്ഷാൽ പേര് - അപ്പനും അമ്മയും ഇട്ട പേര്. ഇയാളുടെ അപ്പനും അമ്മയും വല്യപ്പനും ഒക്കെ അച്ചായൻ എന്നാണ് ഈ ചങ്ങാതിയെ വിളിക്കുന്നത്. അങ്ങനെയൊരാൾ ഈ ഭൂമിമലയാളത്തിലുണ്ടോ എന്ന് സംശയിക്കുന്നവരുണ്ടാകാം. സംശയം വേണ്ട, ഉണ്ട്. മലയാളക്കരയിലാണോ ഉള്ളതെന്ന് സംശയമുണ്ടെന്നുമാത്രം.

ഇത്രയുമൊക്കെ പറഞ്ഞിട്ടും കാര്യം പിടികിട്ടിയില്ലെങ്കിൽ വിശദീകരിക്കാം. സ്വർഗ്ഗീയ ധ്വനിയുടെ ഡിസ്കഷൻ ബോർഡിൽ വൽസനെ ന്യായീകരിച്ചുകൊണ്ട് എഴുതിയ ഒരാൾക്ക് മറുപടിയായി ''വൽസൻ ഏബ്രഹാം സത്യസന്ധനാണെന്നോ'' എന്ന തലക്കെട്ടിൽ ഒരു ലേഖനം കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നു. കുറിപ്പെഴുതിയ ആളുടെ പേരിനു പകരം ''അച്ചായൻ'' എന്നു മാത്രമാണ് ഡിസ്കഷൻ ബോർഡിൽ ഉണ്ടായിരുന്നത്. അതുകൊണ്ട് ഈ കുറിപ്പെഴുതിയ ആളെ ''അജ്ഞാതൻ'' എന്നാണ് ഡിഫെൻഡറിൽ വിശേഷിപ്പിച്ചത്. ഈ ചങ്ങാതിക്ക് അതത്ര പിടിച്ചില്ല. അതുകൊണ്ട് അദ്ദേഹം ഒരു മറുപടിയെഴുതി. അത് നേരിൽ കാണാൻ ആഗ്രഹമുള്ളവർ http://sdpathram.com/forum/forums/3/2626/ShowThread.aspx#2626 എന്ന ലിങ്ക് നോക്കുക.

ഈ ലിങ്കിൽ കാണുന്നത് അതേപടി താഴെ കൊടുക്കുന്നു. (അച്ചായൻ കോപിക്കുമോ എന്ന ഭയംമൂലം അക്ഷരത്തെറ്റുപോലും തിരുത്തുന്നില്ല).

I am compelled to write this piece of information because Mr. Balan has maliciously intended any one and every one including me who has another view point on any given subject matter here in the forum.

I am concerned with the latest issue of defender which has tried again throw dirt on Bro. Valsan and me who wrote the the opinion quoted below.

Mr. Balan has explicitly reproduced my write up in his magazine. I am surprised to see that he has referred me as anonymous when I have boldly signed of with my title. I have every time given my name as **Achayan** but balan purposefully wrote I am anonymous which is tack of the devil to show to the world that those who has a different opinion from Balan is an anonymous and he is real as the angel of light. But in reality that is not. Now I understand that Mr. Balan does see things but partially only. I doubt now about Balan's sincerity in other matters too.

If he can be Balan I am Achayan. Coming Back to reference with Valsan - Mr. Balan has found fault even with Indian Gospel OutReach's audited account submitted to US authority and with reputed Christian agencies in the world. I can understand Balan's problem with Valsan and his family , but allegations to financial accountability is not with standing. So I construct with strong sense that all allegations to bro. Valsan's family too are farce.

Mr. Balan accuses all those people contribute for mission work from America. This is an insult to all saints who contribute big or small including north american malayalees. Did mr. balan has shown his financial accountability to any one?. I think those people who donate to Balan have a right to ask from him his accountants. May be one of these days they would just do that. Balan has another problem with Valsan's relatives in the ministry. How can you help when some one wanted to do ministry with his closet ones. Is not Balan making an empire (small or big I don't know about all his relatives) with his family ? Is not the liberty you freely wield be allowed to somebody else? Or you think that Mr. Valsan cannot do just that? As for the expenditure explanation given by Balan is simple creep, just laugh of. What else I can do about that?

I know about India Gospel outreach ministry are spending money for Gospel work in the form of missionary training. I think they have morethan 300 students (I have not verified it) in Kumbanadu. What do you think, it simple happens just like that. They support missionary activites in Punjab, AP, UP, Bihar and other states. These all require money, Mr. balan?

If you wanted to see fault with Mr. Valsan in anything you would find fault in any organization in similar manner because you are looking all these things with a colored glass or should I say you see only partially. I thank you for not using foul language against me, by that itself is a good precedent to debate any matter. At last
You are still **Balan** I am **Achayan!**




ബാലൻ എന്ന പേരുപോലെയാണ് 'അച്ചായൻ' എന്ന് ആരംഭത്തിൽ പറയുന്നു. എന്റെ മാതാപിതാക്കൾ എനിക്ക് നൽകിയ പേരാണ് ബാലൻ എന്നത്. അതുപോലെയാണ് ഇദ്ദേഹത്തിന് അച്ചായൻ എന്ന പേര് എന്നു പറയുന്നു. അങ്ങനെയെങ്കിൽ ഇയാളുടെ അപ്പനും അമ്മയും വരെ ഇയാളെ അച്ചായൻ എന്നായിരിക്കുമല്ലോ വിളിച്ചിരുന്നത്. സ്ക്കൂളിലും ഇതായിരുന്നോ പേര്? പാസ്പോർട്ടിലും അച്ചായനെന്നാണോ? അറിഞ്ഞുകൂടാ.

ബാലൻ എന്ന് വെറുതെ എഴുതുക മാത്രമല്ല എന്റെ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും വരെ ഞാൻ പത്രത്തിൽ എഴുതുന്നു. പക്ഷേ അച്ചായന് അഡ്രസ്സും ഫോൺ നമ്പറും വെളിപ്പെടുത്താനുള്ള ധൈര്യമില്ല. ഡിസ്കഷൻ ബോർഡിൽ അച്ചായനെന്ന ചുമ്മാ പേരുവച്ച് എഴുതി ഷൈൻ ചെയ്യുകയാണ്. സ്വന്തം പിതൃത്വത്തേക്കുറിച്ച് സംശയമില്ലെങ്കിൽ അച്ചായൻ അഡ്രസ്സും ഫോൺ നമ്പറും കൂടി എഴുതട്ടെ.

പേരും അഡ്രസ്സും സഹിതം എഴുതുന്ന ഞാൻ സാത്താന്റെ ദാസൻ. കള്ളപ്പേരുവച്ച് എഴുതുന്നുന്ന വിദ്വാൻ ദൈവദാസൻ. അങ്ങനെയെങ്കിൽ ഇയാൾ പറയുന്ന ദൈവം ഭോഷ്ക്കിന്റെ പിതാവായ സാത്താനാണ്.

വൽസൻ കണക്കു കൊടുക്കണമെങ്കിൽ ബാലനും കണക്കു കൊടുക്കണമത്രേ. തീർച്ചയായും കൊടുക്കാം. ഡിഫെൻഡറിനുള്ള വരിസംഖ്യയായി കിട്ടുന്ന പണമാണ് ഒരു വരുമാനം. വരിസംഖ്യ തരുന്നവർക്ക് കൃത്യമായി പത്രം കൊടുക്കുന്നുണ്ട്. അതിൽ അധികമായ ഒരു കണക്കും ഇതിന് ആവശ്യമില്ല.

സി.ഡികൾ ലഭിക്കാനായി പണം അയയ്ക്കുന്നവരുണ്ട്. അവർക്കെല്ലാം സി.ഡി അയക്കുന്നു. ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കി കൊടുക്കുമ്പോൾ ചെറിയ ഒരു തുക എഴുത്തുഫീസായി വാങ്ങുന്നുണ്ട്. ഞാൻ ജോലിചെയ്തുണ്ടാക്കുന്ന ഈ പണത്തിനൊന്നും പൊതുജനങ്ങളോടു കണക്കു പറയേണ്ടതില്ല.

എനിക്ക് ഒരുവിധത്തിലുള്ള സ്വകാര്യ സംഘടനയുമില്ല. ഒരു സംഘടനയിലും ഞാൻ അംഗമല്ല. എന്റെ സ്വന്ത ആവശ്യത്തിന് ഉപയോഗിക്കാനെന്നു പറഞ്ഞ് വല്ലപ്പോഴും ചിലർ ചെറിയ തുകകൾ നൽകാറുണ്ട്. ഇതു മാത്രമാണ് സംഭാവനയായി എനിക്കു ലഭിക്കുന്നത്. പണം തന്നവർ അതിന്റെ കണക്കു ചോദിച്ചാൽ തീർച്ചയായും കൊടുക്കാം. അരി, ഉപ്പ്, മുളക് തുടങ്ങിയതൊക്കെ വാങ്ങിയ ബില്ലും കൊടുക്കാം. ഇങ്ങനെയൊക്കെയാണ് വൽസന്റെ കാര്യമെങ്കിൽ വൽസനും കണക്കു പറയേണ്ടതില്ല.

ബാലനും കുടുംബാംഗങ്ങളും ചേർന്ന് എന്തൊക്കെയോ മിനിസ്ട്രി അല്ലെങ്കിൽ കൂട്ടുകച്ചവടം ചെയ്യുന്നു എന്ന് അച്ചായൻ എഴുതുന്നു. വൽസൻ കുടുംബാംഗങ്ങളെ മാത്രം ഉൾപ്പെടുത്തി സംഘടനയുണ്ടാക്കി ജനവഞ്ചന നടത്തുന്നതുപോലെ ബാലനും എന്തൊക്കെയോ ചെയ്യുന്നു എന്നാണ് അച്ചായൻ കരുതുന്നതെന്നു തോന്നുന്നു. എങ്കിൽ അച്ചായന് തെറ്റി. ഈയുള്ളവന് സംഘടന ഇല്ലെന്നു പറഞ്ഞുകഴിഞ്ഞല്ലോ. ഭാര്യയും അഞ്ചു മക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. രണ്ട് ആൺമക്കൾ ജോലിചെയ്ത് ജീവിക്കുന്നു. പെൺമക്കൾ പഠിക്കുന്നു. ഭാര്യ അടുക്കള ഭരിക്കുന്നു. സംഗതി പിടികിട്ടോ അച്ചായാ?

ബാലൻ കെട്ടിപ്പടുത്തിട്ടുള്ള സാമ്രാജ്യത്തിന്റെ കാര്യമാണ് അടുത്തത്. എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ വീടില്ല, സ്ഥലവുമില്ല. ഞങ്ങൾ ഒരു വാടക വീട്ടിൽ താമസിക്കുന്നു. കൃത്യസമയത്ത് വാടക കൊടുക്കാൻ പലപ്പോഴും ബുദ്ധിമുട്ടുന്നു. കഠിനമായ പ്രമേഹമുള്ള വ്യക്തിയാണ് ഞാൻ. നൂറു മീറ്റർ ദൂരം നടക്കുമ്പോഴേക്കും തളരും. എന്നിട്ടും ഒരു സൈക്കിൾ പോലും വാഹനമായില്ല. പിന്നെ സമ്പാദ്യം. ഏകദേശം 10 ലക്ഷം രൂപയുടെ കടമാണ് നാളിതുവരെയുള്ള സമ്പാദ്യം. മാസംതോറും പതിനായിരം രൂപയോളം പലിശയിനത്തിൽ മാത്രം വേണം. ഇതാണ് ബാലന്റെ സാമ്രാജ്യം.

ഈ പറയുന്നതൊക്കെ കള്ളമാണെന്ന് അച്ചായനു തോന്നുന്നുണ്ടാകാം. അതുകൊണ്ട് ഇതാ ഒരു ഓഫർ. എന്റേയും എന്റെ കുടംബാംഗങ്ങളുടേയും സകല സമ്പാദ്യങ്ങളും വസ്തുവകകളും അച്ചായൻ എടുത്തുകൊള്ളൂ. ചട്ടി, കലം, ഉപ്പുചിരട്ട തുടങ്ങിയവപോലും തരാം. (വസ്ത്രങ്ങൾ, സർട്ടിഫിക്കറ്റുകൾ, ഡിഫെൻഡർ എന്നിവമാത്രം തരില്ല). പകരമായി അച്ചായൻ ഒരു പൈസപോലും തരണ്ട. റ്റി.എസ്.ബാലനും കുടംബാംഗങ്ങളും കൊടുത്തു തീർക്കാനുള്ള കടം മാത്രം അച്ചായൻ ഏറ്റെടുത്താൽ മതി.

വൽസൻ പണം ചെലവാക്കുന്നതിന്റെ കണക്കും അച്ചായൻ പറയുന്നുണ്ട്. അതേപ്പറ്റി തെളിവു സഹിതം അല്പം വിശദമായി പറയാനുണ്ട്. ചില രേഖകൾ കൂടി കിട്ടാനുള്ളതുകൊണ്ട് ആ കാര്യം പിന്നാലെ പറയാം. ഏതായാലും അഞ്ചുരുപ മാത്രം ബാങ്ക് ബാലൻസുണ്ടായിരുന്ന കെ.ഇ. ഏബ്രഹാമിന്റെ മകനായ ടി. എസ്.ഏബ്രഹാമിന് ഏതാനും വർഷം മുൻപ് ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് ബാങ്കുകാർ കൊടുത്തു എന്നു പറയുമ്പോൾ കാര്യങ്ങളുടെ പോക്ക് മനസ്സിലാകുമല്ലോ.

ബാലൻ ഇന്നും ബാലനാണ്. ബാലന്റെ അച്ഛൻ ശ്രീധരൻ നായരാണ്. എന്നും അങ്ങനെതന്നെ ആയിരിക്കും. അച്ഛന്റെ പേരു ചോദിക്കുമ്പോൾ ചുറ്റുവട്ടത്തുള്ള കുറച്ചധികം നായൻമാരുടെ പേരു പറയേണ്ട സ്ഥിതി ഉണ്ടായിട്ടില്ല. അതുകൊണ്ട് പേരു മാത്രമല്ല അഡ്രസ്സും ഫോൺ നമ്പറും എഴുതാൻ ഭയവുമില്ല. കാര്യം പിടികിട്ടിയോ അച്ചായാ?

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER "THE DEFENDER" FORTNIGHTLY FORM IV**

| | |
|---|---|
| 1. Place of publication | : Perumbavoor |
| 2. Periodicity of Publication | : Fortnightly |
| 3. Peinter's Name | : Anish Balan |
| Nationality | : Indian |
| Address | : Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |
| 4. Publisher'sName | : Anish Balan |
| Nationality | : Indian |
| Address | : Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |
| 5. Editor's Name | : Anish Balan |
| Nationality | : Indian |
| Address | : Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |
| 6. Name & Address of the owner | : Anish Balan Anand Bhavan, Perumbavoor, Ernakulam Kerala - Pin. 683542 |

I, Anish Balan, hereby declare that the particulars given above are true to the best of my knowledge and belif.

Place: Perumbavoor Sd/-
Date: 01-03-2008 Publisher

RNI No. 68089 / 97
2008 March 1

**THE DEFENDER**

REGISTERED
KL/ALY/0031/2006-08

# “മരിച്ചവർ എവിടെ?” പുന:പ്രസിദ്ധീകരിക്കും

റ്റി.എസ്.ബാലൻ എന്ന ഞാൻ ആകെ എട്ടു പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം ''മരിച്ചവർ എവിടെ'' ആണ്. മരണത്തേക്കുറിച്ചും മരണാനന്തര ജീവിതത്തേക്കുറിച്ചു സാധാരണക്കാർ അറിഞ്ഞിരിക്കേണ്ട എല്ലാ വിവരങ്ങളും അടങ്ങിയ പുസ്തകമാണിത്. രണ്ടെഡിഷനുകൾ ഞാൻ പ്രസിദ്ധീകരിച്ചു. പിന്നീട് റീഡേഴ്സ്, തിരുവല്ലയും ഈ പുസ്തകം പ്രസിദ്ധീകരിച്ചു. ആവശ്യക്കാർ ഏറെയുണ്ടെങ്കിലും ഇപ്പോൾ ഒരു കോപ്പിപോലും മാർക്കറ്റിൽ ലഭ്യമല്ല.

മരിച്ചവർ എവിടെ എന്ന പുസ്തകത്തെ അഭിനന്ദിച്ചവർ നിരവധിയുണ്ട്. പക്ഷേ ഈ പുസ്തകം വായിച്ച് നൂറുകണക്കിനാളുകൾ രക്ഷിക്കപ്പെട്ടു എന്നതാണ് എനിക്കു സന്തോഷം നൽകുന്ന വസ്തുത.

1995ൽ ആണ് ഞാൻ ഈ പുസ്തകം എഴുതിയത്. അതിനുശേഷം ഞാൻ മരണത്തേക്കുറിച്ചും മരണാനന്തര ജീവിതത്തേക്കുറിച്ചും ഏറെ പഠിച്ചു. ഈ വിഷയം കൂടുതൽ നന്നായി കൈകാര്യം ചെയ്യാനുള്ള കഴിവ് ഇപ്പോഴുണ്ട്. അതുകൊണ്ട് മരിച്ചവർ എവിടെ എന്ന പുസ്തകം പൂർണ്ണമായി പരിഷ്ക്കരിച്ച് എഴുതാൻ ആഗ്രഹിക്കുന്നു.

ഇപ്പോൾ ഇങ്ങനെയൊരു ചിന്തയുണ്ടാകാൻ കാരണമുണ്ട്. ഈ പുസ്തകത്തിന്റെ കോപ്പികൾ ലഭ്യമല്ല എന്നത് ഒരു കാരണമാണ്. പക്ഷേ അതിലും ഗൗരവമുള്ള മറ്റൊരു കാരണമുണ്ട്. ആയിരങ്ങൾക്ക് സത്യപാത കാട്ടിക്കൊടുത്തിട്ടുള്ള ഈ പുസ്തകം എന്റെ കാലശേഷവും നിലനിൽക്കണം. വരുംതലമുറക്ക് ഇത് പ്രയോജനപ്പെടണം. അതിന് ഈ പുസ്തകം പരമാവധി നന്നായി വീണ്ടും പ്രസിദ്ധീകരിക്കണം. ഇപ്പോൾ അത് ചെയ്യുന്നില്ലെങ്കിൽ ഒരിക്കലും അത് സാധിക്കാതെപോയെന്നു വരാം. മരണം എന്നെ ഒളികണ്ണിട്ടു നോക്കുന്നതു ഞാൻ കാണുന്നുണ്ട്. തികച്ചും അപ്രതീക്ഷിതമായ സമയത്ത് ഈ ലോകം വിട്ടു പോകേണ്ടതായി വരാം. അതിനു മുൻപായി ചിലതൊക്കെ ചെയ്യാനുണ്ട്. അവയിൽ ഒന്നാണ് ഈ ജോലി.

ഭൂരിപക്ഷം പുസ്തകങ്ങൾക്കും തൊട്ടാൽ പൊള്ളുന്ന വിലയാണ് പ്രസാധകർ ഈടാക്കുന്നത്. മരിച്ചവർ എവിടെ എന്ന പുസ്തകത്തിനും നല്ല വിലയുണ്ടായിരുന്നു. എന്നിട്ടും പൊതുജനം ഈ പുസ്തകം വാങ്ങി. അതുകൊണ്ട് സാമാന്യം നല്ല വില ഈടാക്കിയാലും ഈ പുസ്തകം വിറ്റുപോകും. എന്നാൽ പരമാവധി ആളുകൾ പുസ്തകം വായിക്കണം എന്നാണ് എന്റെ ആഗ്രഹം. അതുകൊണ്ട് കഴിയുന്നത്ര കുറഞ്ഞ വിലക്ക് ഈ പുസ്തകം വിൽക്കാനാണ് പദ്ധതി.

പുസ്തകത്തിന്റെ ഉള്ളടക്കത്തേക്കുറിച്ചും ചിലത് പറയട്ടെ. ദേഹം, ദേഹി, ആത്മാവ് എന്നിവയേക്കുറിച്ചുള്ള പഠനം ആദ്യ അദ്ധ്യായത്തിലുണ്ടാകും. മനുഷ്യന് മരണശേഷം നിലനിൽക്കുന്ന ഒരു ആത്മാവുണ്ടെന്നും തെളിയിക്കും. സ്വർഗ്ഗം, നരകം, പാതാളം എന്നിവയേക്കുറിച്ചുള്ള വിശദമായ പഠനങ്ങളാകും തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഉണ്ടാകുക. മരിച്ചവർ പ്രേതമാകുമോ, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചതുകൊണ്ട് പ്രയോജനമുണ്ടോ, മരിച്ചവരോട് (കന്യാമറിയം, പുണ്യവാളൻമാർ തുടങ്ങിയവർ) പ്രാർത്ഥിച്ചിട്ട് ഫലമുണ്ടോ എന്നീ വിഷയങ്ങൾ പഠനവിധേയമാക്കും. മരണാനന്തര അനുഭവങ്ങൾ, കർത്താവിന്റെ മടങ്ങിവരവ്, ന്യായവിധി, നിത്യത തുടങ്ങിയവയേക്കുറിച്ചും വിവരിക്കും. നിത്യജീവൻ പ്രാപിക്കാൻ എന്തുചെയ്യണമെന്ന് വിശദീകരിച്ചുകൊണ്ട് പുസ്തകം അവസാനിപ്പിക്കും.

പുസ്തകത്തിന് ഏകദേശം 160 പേജാണ് ഞാൻ പ്രതീക്ഷിക്കുന്നത്. നല്ല കടലാസ്സിൽ സാമാന്യം നന്നായി അച്ചടിക്കണം. കവറും നന്നായിരിക്കണം. എത്ര കോപ്പി അടിക്കണമെന്ന് തീരുമാനിച്ചിട്ടില്ല. കുറഞ്ഞപക്ഷം 5000 കോപ്പി അടിക്കണമെന്നാണ് ആഗ്രഹം. അച്ചടിക്കൂലിയും മറ്റു ചെലവുകളും കൂടി കണക്കാക്കുമ്പോൾ പുസ്തകം ഒന്നിന് ഏകദേശം 30 രൂപ മുടക്കുമുതലാകും. ഒരു രൂപ പോലും ലാഭമെടുക്കാതെ പുസ്തകം വിൽക്കാനാണ് ഉദ്ദേശ്യം. പുസ്തകം നേരിൽ വാങ്ങുന്നവർക്ക് 30 രൂപക്ക് നൽകും. പോസ്റ്റിൽ വേണ്ടവർ പോസ്റ്റേജ് കൂടി നൽകണം.

പുസ്തകം പി.ഡി.എഫ് ഫോർമാറ്റിലും ലഭ്യമാക്കും. ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്ന് തികച്ചും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നവിധത്തിലായിരിക്കും സെറ്റ് ചെയ്യുക. ഇങ്ങനെ ഡൗൺലോഡ് ചെയ്തശേഷം കമ്പ്യൂട്ടറിൽ വായിക്കുകയോ പ്രിന്റ് എടുക്കുകയോ ചെയ്യാം.

ഈ സംരംഭത്തിൽ നിങ്ങളുടെ സഹായ സഹകരണങ്ങൾ എനിക്കാവശ്യമാണ്. വലിയൊരു തുക കടമല്ലാതെ ഒന്നും ഇല്ലാത്തവനാണുഞാൻ. അതുകൊണ്ട് ഈ പുസ്തകം അച്ചടിച്ച് കുറഞ്ഞ വിലയ്ക്കു വിതരണം നടത്താനുള്ള കഴിവ് എനിക്കില്ല. എന്നാൽ സുവിശേഷസ്നേഹികളുടെ സഹകരണമുണ്ടെങ്കിൽ ഈ സംരംഭം വിജയിപ്പിക്കാൻ കഴിയും. നിങ്ങളാൽ കഴിയുന്ന ഒരു തുക സംഭാവനയായി അയച്ചുതന്ന് സഹായിക്കുക. വെറുതെ കുറെ പണം തരണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നതെന്ന് പ്രത്യേകം എടുത്തു പറയട്ടെ. നിങ്ങൾ നൽകുന്ന പണത്തിനു തുല്യമായ തുകയ്ക്ക് പുസ്തകം തിരികെ നൽകാം. ഉദാഹരണത്തിന് നിങ്ങൾ 1000 രൂപ തരുന്നു എന്നിരിക്കട്ടെ. 25 പുസ്തകം ഇന്ത്യക്കുള്ളിൽ അയയ്ക്കാൻ ഈ തുക മതിയാകും. നിങ്ങൾക്കോ നിങ്ങൾ നിർദ്ദേശിക്കുന്ന വ്യക്തികൾക്കോ ഈ പുസ്തകം ഞാൻ അയച്ചുകൊടുക്കാം. ആർക്ക് അയച്ചുകൊടുക്കണമെന്നു പ്രത്യേകം പറയുന്നില്ലെങ്കിൽ ഈ പുസ്തകംകൊണ്ട് പ്രയോജനമുണ്ടാകാൻ ഇടയുള്ളവരെ ഞാൻ തന്നെ കണ്ടെത്തി പുസ്തകം അയച്ചുകൊടുക്കുന്നതും ആർക്കൊക്കെയാണ് അയച്ചുകൊടുത്തതെന്ന് പണം തന്ന ആളെ അറിയിക്കുന്നതുമാണ്. അതുപോലെ നിങ്ങൾ സുവിശേഷവേല ചെയ്യുന്ന പ്രദേശത്തുള്ളവർക്ക് കൊടുക്കാൻ കൂടുതൽ കോപ്പികൾ വാങ്ങാനും കഴിയും.

ഈ പുസ്തകം വിറ്റുകിട്ടുന്ന പണം ഞാൻ എന്റെ സ്വന്തം ആവശ്യത്തിന് എടുക്കുന്നതല്ല. പുസ്തകത്തിന്റെ കൂടുതൽ കോപ്പികൾ അച്ചടിക്കാനായി ആ പണം വിനിയോഗിക്കും. മരിച്ചവർ എവിടെ എന്ന പുസ്തകം എന്റെ കാലശേഷവും ലഭ്യമാക്കാൻ ഈ ഫണ്ട് ഉപയുക്തമാകും.

മലയാളത്തിൽ മാത്രമല്ല ഇംഗ്ലീഷിലും മറ്റു ഭാഷകളിലും ഈ പുസ്തകം പ്രസിദ്ധീകരിക്കണമെന്നാണ് എന്റെ ആഗ്രഹം. പുസ്തകം ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്യാൻ എനിക്കു കഴിയും. പക്ഷേ തമിഴ്, തെലുങ്ക്, ഹിന്ദി തുടങ്ങിയ ഇന്ത്യൻ ഭാഷകളിലേക്കും വിവിധ വിദേശ ഭാഷകളിലേക്കും തർജ്ജമ ചെയ്യാൻ മറ്റുള്ളവരുടെ സഹായം എനിക്ക് ആവശ്യമായിവരും.

ഇതൊക്കെ നടക്കുമോ എന്ന് ചോദിക്കുന്നവരുണ്ടാകാം. സംശയം ന്യായമാണ്. എന്നേപ്പോലുള്ള ഒരാൾക്ക് ഇത്രയൊക്കെ മോഹിക്കാൻ അവകാശമില്ല. എങ്കിലും (കവി പറഞ്ഞതുപോലെ) വെറുതെ മോഹിക്കുവാൻ മോഹം. എല്ലാം ദൈവഹിതംപോലെ നടക്കട്ടെ.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan